VOL. X ISSUE 11 NOV. 2019 BELTHANGADY

# Feast of Christ the King

**November 25**



Today Jesus asks us to let him become our King. A King that with His word, His example and his immolated life on the cross, has saved us from death, .........He can give new meaning to our life, sometimes harshly tried also by our mistakes and our sins, only on the condition that we do not follow the logic of the world and of its "kings."

(Pope Francis, 25 November, 2018)

# UDAYADEEPA BELTHANGADY

## ಉದಯದೀಪ ಬೆಳ್ತಂಗಡಿ

## ഉദയദീപ ബെൾത്താംഗഡി

### Belthangady Diocesan Bulletin


Vol. X Issue- 11 November-2019 Page- 60

Annual Subscription: Rs. 140-00 Single Copy: Rs. 12-00

Edited, Printed and Published, by Fr. Joseph Valiaparambil
Bishop's House, Udayanagar, P.B. No.13
Belthangady - 574 214, D.K., Karnataka, India.
Printed at Shree Raghavendra Printers, Ujire-574 240

Website: www.belthangadydiocese.com
Email : udayadeepabel@gmail.com
Tel.: 08256-232439, 233498

**Pope Francis declared Bl. Mariam Thresia as a Saint.**



**"The Knowledge of God is above all other knowledge"**
**St.Mariam Thresia**

## CONTENTS


| | | |
|---|---|---|
| 1. | Pastoral Letter No. 6 / 2019 | 8 |
| 2. | Circular No. 11 / 2019 | 15 |
| 3. | Notifications from the Chancellery | 17 |
| 4. | Catechism Department News | 19 |
| 5. | Social Service Department | 26 |
| 6. | Family Apostolate | 32 |
| 7. | Youth Apostolate (SMYM) | 33 |
| 8. | Christus Vivit : Pope Francis | 38 |
| 9. | Motuproprio : Pope Francis | 43 |
| 10. | Bishop's Diary | 58 |
| 11. | Programme of the Bishop | 59 |



Ad Limina Visit 03. 10. 2019





Ad Limina Visit 03. 10. 2019



## ആദ് ലിമിന വിസിറ്റ് –2019

ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ
അനുഗ്രഹത്താലും ബെൽത്തംഗഡി രൂപതയുടെ
മെത്രാൻ

**ലോറൻസ് മുക്കുഴി**

നമ്മുടെ രൂപതയിലെ ബഹു. വൈദികർക്കും,
സന്യാസിനീ, സന്യാസികൾക്കും, ദൈവജനത്തിനും
നമ്മുടെ കർത്താവിൽ ആശീർവ്വാദവും സമാധാനവും,

"അപ്പസ്തോലന്മാരും പ്രവാചകൻമാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടവരാണ് നിങ്ങൾ ; ഈ അടിത്തറയുടെ മൂലക്കല്ല് ക്രസ്തുവാണ് " (എഫേസോസ് 2 : 20)

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

ആദ് ലിമിന വിസിറ്റ് കഴിഞ്ഞ് റോമിൽ നിന്ന് 2019 ഒക്ടോബർ 22ന് ഞാൻ മടങ്ങിയെത്തി. റോമിൽ പോയി മാർപാപ്പയെ സന്ദർശിക്കുകയും നമ്മുടെ രൂപതയുടെ സ്നേഹവും വിധേയത്വവും പരിശുദ്ധ പിതാവിനെ അറിയിക്കുകയും ആദ് ലിമിന സന്ദർശനവുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ നടത്തുകയും വിശുദ്ധ മറിയം ത്രേസ്യായുടെ നാമകരണ ചടങ്ങിൽ പങ്കെടുക്കുകയും ചെയ്തു. എല്ലാ കാര്യങ്ങളും ഭംഗിയായി നടത്തുവാൻ അനുഗ്രഹിച്ച നല്ല ദൈവത്തിന് നന്ദി പറയുന്നു. ആദ് ലിമിന സന്ദർശനത്തെക്കുറിച്ച് ചില കാര്യങ്ങൾ നിങ്ങൾക്ക് എഴുതുകയാണ്.



2019 ഒക്ടോബർ 2 ന് സീറോ മലബാർ സഭയിൽപ്പെട്ട 47 അഭി. പിതാക്കന്മാരോടൊപ്പം ഞാനും റോമിലെത്തി. ഒക്ടോബർ 1 മുതൽ 14 വരെ റോമിലുള്ള മാത്തെർ എക്ലേസിയാ എന്നാ സെമിനാരിയിലാണ് ഞങ്ങളെല്ലാവരും താമസിച്ചത്. റോമിലുള്ള സന്ദർശനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും റോമിൽ താമസമുള്ള സീറോ മലബാർ സഭയുടെ യൂറോപ്പിലെക്കുള്ള അപ്പസ്തോലിക്ക് വിസിറ്റേറ്റർ അഭി. സ്റ്റീഫൻ ചിറപണത്ത് പിതാവ് വഴി എല്ലാം നമ്മുടെ അഭി. മേജർ ആർച്ചു ബിഷപ്പ് നേരത്തെ തന്നെ പ്ലാൻ ചെയ്യിതിരുന്നു.

ഒക്ടോബർ 3 ന് രാവിലെ 8–15 ന് വിശുദ്ധ പത്രോസ്ശ്ലീഹായുടെ ബസിലിക്കായിലുള്ള കബറിടത്തിങ്കൽ ഞങ്ങളെല്ലാവരും വിശുദ്ധ ബലിയർപ്പിച്ച് നമ്മുടെ സഭയ്ക്കും രൂപതയ്ക്കുവേണ്ടി പ്രാർത്ഥിച്ചു. അന്ന് രാവിലെ 10 മണിക്കാണ് പരിശുദ്ധ പിതാവുമായി ഞങ്ങൾ കൂടികാഴ്ച്ച നടത്തിയത്. പരിശുദ്ധ പിതാവ് വലിയ സ്നേഹത്തോടെയാണ് ഞങ്ങളെ സ്വീകരിച്ചത്. നമ്മുടെ സഭയെ പ്രതിനിധീകരിച്ച് മേജർആർച്ചുബിഷപ്പ് അത്യുന്നത കർദിനാൾ മാർ ജോർജ് ആലഞ്ചേരി സംസാരിച്ചു. പിതാവ് നമ്മുടെ സഭയ്ക്ക് ചെയ്ത്തു തരുന്ന എല്ലാ സഹായങ്ങൾക്കും പ്രത്യേകിച്ച് ഓൾ ഇന്ത്യാ ജുഡിരിസ്ക്ഷനും (All India Jurisdiction) ഇന്ത്യയ്ക്ക് വെളിയിൽ രൂപതകളും അനുവദിച്ച് തന്നതിന് പ്രത്യേകം നന്ദി പറഞ്ഞു. ഗൾഫ് രാജ്യങ്ങളിൽ നമുക്ക് നാല് ലക്ഷത്തിൽ പരം സീറോ മലബാർ വിശ്വാസികൾ ഉണ്ടെന്നും അവരുടെ ആത്മീയ ആവശ്യങ്ങൾക്കായ് നമ്മുടെ സഭാ പാരമ്പര്യത്തിൽ തന്നെ ശുശ്രൂഷകൾ നടത്തുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു തരണമെന്ന് മാർ പാപ്പയോട് അഭ്യർത്ഥിച്ചു. എല്ലാം പരിശോധിച്ചതിനു ശേഷം കാര്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് മാർപാപ്പ അറിയിച്ചു. അതിനു ശേഷം മാർപാപ്പ വളരെ ലളിതമായും സ്വയം പ്രേരിതമായും ഓരോ പിതാക്കന്മാരും എന്തെങ്കിലും പറയുവാനുണ്ടെങ്കിൽ അഭിപ്രായം അറിയിക്കുവാൻ ആവശ്യപ്പെട്ടു. എല്ലാവരും തന്നെ സഭയെ സംബന്ധിക്കുന്ന വിവിധ കാര്യങ്ങൾ സംസരിച്ചു. എല്ലാറ്റിനും വ്യക്തമായും കൃത്യമായും മാർപാപ്പ പ്രത്യുത്തരം നല്കി. ഔപചാരിതകൾ മാറ്റിവച്ച് സ്വതന്ത്രമായും സ്നേഹത്തോടുംക്കൂടി പലകാര്യങ്ങളും പരസ്പരം പങ്കുവെച്ചു. ഏറെ ഹൃദ്യവുമായിരുന്നു പരിശുദ്ധ പിതാവുമാ

യുള്ള കൂടികാഴ്ച്ച! നമ്മുടെ സഭയുടെ വളർച്ചയിൽ പിതാവ് സന്തോഷം രേഖപെടുത്തി. ഇനിയും കൂടുതൽ തീക്ഷ്ണതയോടെ പ്രവർത്തിക്കണമെന്ന് ആവശ്യപ്പെട്ടു. വിവിധ കാര്യങ്ങളിൽ സങ്കീർണ്ണത വളർന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വിശ്വാസികളും വൈദികരും നല്ല കൂട്ടായ്മയിലും വിശുദ്ധിയിലും ജീവിച്ച് ഉത്തമ സാക്ഷ്യ ജീവിതം നയിക്കണമെന്ന് പിതാവ് ആവശ്യപ്പെട്ടു. യുവജനങ്ങൾക്കും കുട്ടികൾക്കും മുതിർന്നവർക്കും അവരവരുടെ ഭാഷയിലും രീതിയിലും വിശ്വാസം തീക്ഷ്ണതയോടെ കൈമാറണമെന്ന് പിതാവ് ഓർമ്മിപ്പിച്ചു.

സീറോമലബാർ മെത്രാന്മാരെ ഒരുമിച്ച് കണ്ടതിലുള്ള സന്തോഷം പിതാവ് അറിയിച്ചു. സീറോമലബാർ സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും അപ്പസ്തോലിക ആശീർവ്വാദം നല്കുകയും ചെയ്തു. അതിനുശേഷം ഒരുമിച്ചും, ഒരോ അതിരൂപതകൾ പ്രത്യേകിച്ചും ഫോട്ടോ എടുക്കുകയുണ്ടായി. തുടർന്ന് ഒരോ പിതാക്കന്മാരും പിതാവിനെ വ്യക്തിപരമായി കണ്ട് സ്തുതി ചൊല്ലുകയും സമ്മാനങ്ങൾ കൈമാറുകയും ഫോട്ടോ എടുക്കുകയും ചെയ്തു. സർവ്വാത്രിക സഭയുടെ പ്രധാനാചാര്യനായ മാർപാപ്പയുമായുള്ള കൂടികാഴ്ച്ച സഭാത്മകമായ വലിയ ഒരു അനുഭവമായിരുന്നു "എനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ മറക്കരുത് " എന്ന് മാർപാപ്പ ഞങ്ങളെ ഓർമ്മിപ്പിച്ചു. മാർപാപ്പയ്ക്കുവേണ്ടി നാം എന്നും പ്രാർത്ഥിക്കണം.

ഒക്ടോബർ 3 ന് ഉച്ച കഴിഞ്ഞ് മുതൽ ഒക്ടോബർ 12 വരെയുള്ള ദിവസങ്ങളിൽ റോമിലുള്ള സാർവ്വത്രിക സഭയുടെ ഭരണ കാര്യങ്ങൾ നടത്തുന്ന വിവിധങ്ങളായ തിരു സംഘങ്ങളെ ഞങ്ങൾ സന്ദർശിച്ച് ചർച്ചകൾ നടത്തി. സഭാ ഭരണ കാര്യങ്ങൾ മാർപാപ്പ വിവിധ തിരുസംഘങ്ങൾ വഴിയാണ് നടത്തുന്നത്. മാർപാപ്പ ചുരുക്കം ചില കാര്യങ്ങൾ മാത്രമേ നേരിട്ട് നടത്തുകയുള്ളു. ഓരോ തിരുസംഘത്തിനും തലവനായി ഓരോ കർദിനാൾമാരും അദ്ദേഹത്തോടൊപ്പം മെത്രാപ്പോലീത്തമാരും മെത്രാന്മാരും വൈദികരും സിസ്റ്റേഴ്സും അല്മായരും ഉൾപ്പെടുന്ന ഓരോ വിദഗ്ധ ടീം ഉണ്ടായിരിക്കും. റോമിന്റെ വിവിധ ഇടങ്ങളിലായിട്ടാണ് ഈ ഓഫീസുകൾ സ്ഥതി ചെയ്യുന്നത്. ഞങ്ങൾ അവിടെയെല്ലാം പോയി പ്രസക്ത കാര്യങ്ങൾ ചർച്ച ചെയ്യതു.



ഒക്ടോബർ 6 ന് ഞായറാഴ്ച്ച ദിവീനോ അമോരെ എന്ന പള്ളിയിൽ റോമിലുള്ള സീറോ മലബാർ സഭാ മക്കൾക്കായ് വി. കുർബാനയർപ്പിച്ചു. റോമിൽ ഇടവക സ്ഥാപിച്ചതിന്റെ രജത ജൂബിലിയായിരുന്നു അന്ന്. റോമിലുള്ള നമ്മുടെ ജനവും വൈദികരും സിസ്റ്റേഴ്സും ഉണ്ടായിരുന്നു. നമ്മുടെ ജനങ്ങൾ ഭക്തിയോടെ കുർബനയിൽ പങ്കെടുത്തതിനുശേഷം ജൂബിലി ആഘോഷത്തിന്റെ വിവിധ കാര്യപരിപാടികളും കലാപരിപാടികളും നടത്തി.

ഒക്ടോബർ 7 ന് വൈകിട്ട് 6 മണിക്ക് നമ്മുടെ സഭയിലെ വൈദികർ റോമിൽ ഉന്നത വിദ്യാഭ്യാസം നടത്തുന്ന ഡമേഷേൻ കോളേജിൽ വി. കുർബാന അർപ്പിക്കുകയും പുതിയ അധ്യയന വർഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഒക്ടോബർ 8 ന് രാവിലെ 8. 30 ന് മാർപാപ്പയുടെ കത്തീഡ്രൽ പള്ളിയായ ലാറ്ററൻ ബെസിലിക്കയിൽ ഞങ്ങൾ വിശുദ്ധ കുർബാനയർപ്പിച്ച് നമ്മുടെ സഭയ്ക്കുവേണ്ടി പ്രാർത്ഥിച്ചു. അതിനുശേഷം അന്ന് തന്നെ 10.30 ന് നമ്മുടെ സഭയുടെ കാര്യങ്ങൾ നടത്തുന്ന പൗരസ്ത്യ തിരുസംഘത്തിന്റെ അദ്ധ്യക്ഷനായ അത്യുന്നത കർദ്ദിനാൾ ലെയോനാർഡോ സാന്ദ്രിയും സെക്രട്ടറി അഭി. സിറിൾവാസിൽ മെത്രാപ്പോലീത്തായും സന്നിഹിതരായിരുന്നു.സഭയുടെ ആനുകാലിക കാര്യങ്ങൾ ചർച്ച ചെയ്തു. നമ്മുടെ സഭയുടെ മുന്നേറ്റത്തിൽ തിരുസംഘം സന്തോഷം രേഖപ്പെടുത്തി. എന്നാൽ സഭയിൽ കൂടുതൽ വിശ്വാസ തീക്ഷ്ണതയും കൂട്ടായ്മയും സാക്ഷ്യ ജീവിതവും വേണമെന്ന് പിതാവ് ഓർമ്മിപ്പിച്ചു.

ഒക്ടോബർ 9 ന് റോമിലുള്ള പൊന്തിഫിക്കൽ ഓറിയന്റൽ യൂണിവേഴ്സ്റ്റിയിൽ വച്ച് സീറോ മലബാർ പ്രവാസികളുടെ തനിമയും പ്രസക്തിയും എന്ന വിഷയത്തെ ആസ്പതമാക്കി ഒരു സിമ്പോസിയം നടത്തപ്പെട്ടു. അതിൽ എല്ലാ പിതാക്കന്മരും സംബന്ധിച്ചു. ഒക്ടോബർ 11 ന് വൈകിട്ട് 5 മണിക്ക് വി. പൗലോശ്ലീഹായുടെ കബറിടം സ്ഥിതി ചെയ്യുന്ന വി. പൗലോസിന്റെ ബസിലിക്കായിൽ വി. കുർബാനയർപ്പിച്ചു. ഒക്ടോബർ 12 ന് രാവിലെ 9.30 ന് റോമിൽ സീറോ മലബാർ സഭയ്ക്കുവേണ്ടി വാങ്ങിച്ച് നിർമ്മാണം പൂർത്തിയാക്കിയ സീറോ മലബാർ സഭയുടെ കാര്യാലയം (Syro Malabar Church

Procura - Domus - Mar Thoma ) വെഞ്ചിരിക്കുകയും വിശുദ്ധ കുർബാനയർപ്പിക്കുകയും ചെയ്തു. സമൂഹ ബലിയ്ക്ക് അഭി. മേജർ ആർച്ചു ബിഷപ്പയായിരുന്നു മുഖ്യകാർമ്മികൻ. വെഞ്ചിരിപ്പു കർമ്മങ്ങൾക്ക് മുഖ്യകാർമ്മികനും യോഗത്തിന്റെ അദ്ധ്യക്ഷനും പൗരസ്ത്യ തിരുസംഘത്തിന്റെ മേധാവി കർദ്ദിനാൾ ലെയോനാർഡോ സാന്ദ്രിയായിരുന്നു. ഒക്ടോബർ 12 ന് ഉച്ച കഴിഞ്ഞ് 4 മണിക്ക് മേരി മജോരെ ബസിലിക്കായിൽ വിശുദ്ധ മറിയം ത്രേസ്യായുടെ നാമകരണ ചടങ്ങിന്റെ തലേനാൾ ജാഗരണ പ്രാർത്ഥന നടത്തി. നമ്മുടെ സഭയുടെ എല്ലാ പിതാക്കന്മാരും ഹോളി ഫാമിലി സന്യാസിനീ സമൂഹത്തിലെ നിരവധി സിസ്റ്റേഴ്സും വൈദികരും അല്മായരും സംബന്ധിച്ച ഈ ജഗരണ പ്രാർത്ഥന ഏറെ അനുഭവമായിരുന്നു. റോമിലുള്ള സീറോ മലബാർ സഭയുടെ സാക്ഷ്യവുമായിരുന്നു അത്. പ്രാർത്ഥനയ്ക്കു ശേഷം വത്തികാനുവേണ്ടിയുള്ള ഇന്ത്യൻ അംബാസിഡർ ശ്രീ സിബി ജോർജ് അഭി. പിതാക്കന്മാർക്കുവേണ്ടി വിരുന്നൊരുക്കി.

ഒക്ടോബർ 13 നാണ് നമ്മുടെ സഭയുടെ അഭിമാനവും നാലാമത്തെ വിശുദ്ധയുമായ വിശുദ്ധ മറിയം ത്രേസ്യായുടെ നാമകരണ ചടങ്ങ് വി. പത്രോസ് ശ്ലീഹായുടെ ബസിലിക്കായിൽ വച്ച് നടന്നത്! വിശുദ്ധ മറിയം ത്രേസ്യക്കു പുറമേ ഇംഗ്ലണ്ടിൽനിന്നുള്ള വിശുദ്ധ കർദ്ദിനാൾ ജോൺ ഹെന്റ്രി ന്യൂമൺ, റോമിൽ നിന്നുള്ള വിശുദ്ധ ജോസഫീന വാന്നീനി, ബ്രസീലിൽ നിന്നുള്ള ദ്ദൾചെസ് ലോപേസ് പോന്തേസ്, സ്വിറ്റ്സർലണ്ട് നിന്നുള്ള മാർഗിരിറ്റ ബേയ്സ് എന്നിവരാണ് മറ്റ് നാല് പേർ.

വിശുദ്ധ മറിയം ത്രേസ്യാ ഇരിങ്ങാലക്കുട രൂപതയിലെ പുത്തൻചിറ ഇടവകക്കാരിയാണ്. ജീവിച്ചിരുന്നപ്പോൾ ത്തന്നെ വിവിധങ്ങളായ ദൈവിക ശക്തി നിറഞ്ഞവളും, വിശുദ്ധയെന്ന് വിളിക്കപ്പെട്ടവളുമായിരുന്നു വി. മറിയം ത്രേസ്യാ. കുടുംബ പ്രേഷിതത്വത്തിന് വലിയ പ്രാധാന്യം നല്കിയവളും ഹോളി ഫാമിലി സന്യാസിനീ സമൂഹത്തിന്റെ സ്ഥാപകയുമാണ് വി. മറിയം ത്രേസ്യാ. വിശുദ്ധയുടെ നാമകരണ ചടങ്ങിൽ പങ്കെടുക്കുവാൻ വീട്ടുകാരും നാട്ടുകാരും ഹോളി ഫാമിലി സഭയിൽ നിന്നുള്ള നിരവധി സിസ്റ്റേഴ്സും വൈദികരും ഇന്ത്യാ ഗവർൺമെന്റിനെ പ്രതിനിധീകരിച്ച് വിദേശകാര്യ സഹ മന്ത്രി ശ്രീ മുരളീധര



നും, തൃശൂർ എം. പി. ശ്രീ പ്രതാപനും മുൻ സുപ്രീം കോടതി ജെഡ്ജി ജെസ്റ്റീസ് കുര്യയൻ ജോസഫ് തുടങ്ങിയ പ്രമുഖരും സന്നിഹിതരായിരുന്നു. സീറോ മലബാർ സഭയ്ക്ക് പ്രത്യേകിച്ച് , ഭാരത സഭയ്ക്ക് മൊത്തത്തിലും വലിയ അഭിമാനത്തിന്റെ അവസരവും ഒപ്പം ഭാരത്തിന്റെ പാതക വത്തിക്കാനിൽ പാറിക്കുവാനുള്ള അഭിമാന നിമിഷമായിരുന്നു അത്.

ഒക്ടോബർ 14 ന് രാവിലെ 10-30ന് റോമിലുള്ള വി. അനസ്താസിയയുടെ ബസിലിക്കയിൽ പിതാക്കന്മാരെല്ലാവരും ഒരുമിച്ച് വി. മറിയം ത്രേസ്യായെ വിശുദ്ധ പദവിയിലേക്ക് ഉയർത്തിയതിന് നന്ദിയുടെ ബലിയർപ്പിച്ചു. ഒക്ടോബർ 14 ന് വൈകിട്ട് മുതൽ 18 തിയതി വരെ പിതാക്കന്മാർക്കുള്ള ധ്യാനമായിരുന്നു.

മുൻമ്പ് ഞാൻ പറഞ്ഞിട്ടുള്ളത് പോലെ "ആദ് ലിമിന വിസിറ്റ്" എന്നാൽ കുഴിമാടത്തിലേക്കുള്ള സന്ദർശനം എന്നാണ് അർത്ഥം. വി. പത്രോസിന്റെയും പൗലോസിന്റെയും കബറിടങ്ങൾ സന്ദർശിച്ച് പൂർവ്വാധികം വിശ്വാസത്തോടും തിക്ഷ്ണതയോടും കൂടി മടങ്ങിയെത്തുന്ന അപ്പസ്ത്തോലൻമാരുടെയും, ആദിമ സഭാ നേതാക്കൻമാരുടെയും മാതൃകയനുസരിച്ചാണ് ഇന്നും അപ്പസ്ത്തോല പിൻഗാമികളായ മെത്രാൻമാർ ആദ് ലിമിന വിസിറ്റ് നടത്തുന്നത്. സീറോ മലബാർ സഭയുടെ ലോകമെമ്പാടുമുള്ള 48 മെത്രാൻമാർ ഒരുമിച്ച് റോമിൽ സമ്മേളിക്കുകയും പരിശുദ്ധ പിതാവുമായി കൂടിക്കാഴ്ച്ച നടത്തുകയും 4 ബസിലിക്കാകളിൽ ഒരുമിച്ച് ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും വിവിധ തിരുസംഘങ്ങൾ സന്ദർശിക്കുകയും ചെയ്തത് വലിയ അപ്പസ്തോലിക അനുഭവത്തിന് കാരണമായി ! തിരുസഭ , അപ്പസ്ത്തോലൻമാരും, പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിയപ്പെട്ടതാണ്. അപ്പസ്തോലന്മാരുടെ വിശ്വാസ സാക്ഷ്യമാണ് നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം. ഇന്നും ജീവിക്കുന്നവനായ നമ്മുടെ കർത്താവിന്റെ വചനങ്ങൾ നമുക്ക് ലഭിച്ചത് അപ്പസ്തോലന്മരിലുടെയാണ്. അപ്പസേത്തോല പ്രമുഖനായ വി. പത്രോസിന്റെ പിൻഗാമിയും സാർവ്വത്രിക സഭയുടെ തലവനായ മാർപാപ്പയുമായുള്ള കൂട്ടായ്മ നമുക്ക് അത്യന്താപേഷിതമാണ്. നാം എപ്പോഴും തിരുസഭയോട് ചേർന്നും തിരുസഭയെ സ്നേഹിച്ചും തിരുസഭയ്ക്ക് വിധേയപ്പെട്ടുമാണ് ജീവിക്കേണ്ടത്. നമ്മുടെ

രക്ഷക്കുവേണ്ടി ദൈവപുത്രനായ മിശിഹാ ഇന്ന് ഈ ഭൂമിയിൽ നമുക്കുവേണ്ടി തന്റെ അനുഗ്രഹങ്ങൾ നല്കുന്നത് തിരുസഭയിലൂടെയാണ്. ഒരു വിശ്വാസിക്ക് തിരുസഭയിൽ നിന്ന് പരിഞ്ഞ് ജീവിക്കുവാൻ സാദ്ധ്യമാല്ല. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവം തിരുസഭയിൽ വാഴുന്നു. സ്വർഗ്ഗീയ പിതാവ് തന്റെ പുത്രന്റെ രക്തം വഴി നേടിയെടുത്ത തിരുസഭയെ ഇന്ന് നയിക്കുന്നത് പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിന്റെ പ്രേരണയും പ്രചോദനവുമനുസരിച്ചാണ് തിരുസഭ നയിക്കപ്പെടുന്നത്. അതുകൊണ്ട് നാം എപ്പോഴും തിരുസഭയിൽ വിശ്വസ്ഥരായി ജീവിക്കണം.

റോമിൽ വിവിധങ്ങളായ വിശുദ്ധ സ്ഥലങ്ങൾ സന്ദർശിച്ചപ്പോഴും മാർപാപ്പയുമായി കൂടികാഴ്ച്ച നടത്തിയപ്പോഴും നിങ്ങൾക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. നിങ്ങളുടെ എല്ലാവരുടെയും പ്രാർത്ഥനയും വിധേയത്വവും മാർപാപ്പയെ ഞാൻ അറിയിച്ചു. നിങ്ങളുടെ പ്രാർത്ഥനയും പിൻതുണയുമാണ് എന്റെ പ്രവർത്തനങ്ങൾക്ക് ശക്തി നല്ക്കുന്നത്. നമ്മുടെ രൂപതയെ ദൈവഹിതം പോലെ മുന്നേട്ട് നയിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

"നിങ്ങൾ സജീവ ശീലകൾകൊണ്ടുള്ള ഒരു ആത്മീയ ഭവനമായി പടുത്തുയർത്തപ്പെടട്ടെ യേശു ക്രിസ്തുവഴി ദൈവത്തിനു സ്വീകാര്യമായ ബലികളർപ്പിക്കുന്നതിന് വിശുദ്ധമായ ഒരു പുരോഹിത ജനമാവുകയും ചെയ്യട്ടെ" (1 പത്രോസ് 2 : 5) എന്ന തിരുവചന പ്രകാരം ഒരു വിശുദ്ധമായ രൂപതയായി നാം വളരുവാൻ ഇടയാകട്ടേയെന്ന് പ്രാർത്ഥിച്ചുകൊണ്ട് + പിതാവിന്റേയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി — + മാർ ലോറൻസ് മുക്കുഴി
23 -10- 2019 — ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**N.B.:** ഈ ഇടയ ലേഖനം 10 - 11 - 2019 ന് ഞായറാഴ്ച എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.



Circular No. 11/ 2019

## ക്രിസ്തുമസ്സ് - 2019

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

"സകല ജനത്തിനുവേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത"യുമായി ക്രിസ്തുമസ്സ് ഒരിക്കൽകൂടി സമാഗതമാവുകയാണ്! എല്ലാവർക്കും ക്രിസ്തുമസ്സിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

മനുഷ്യൻ ദൈവ കല്പന ലംഘിച്ചു! ഇത് ദൈവവും മനുഷ്യനും തമ്മിൽ വലിയ വിടവിനും മനുഷ്യന്റെ അധഃപതനത്തിനും കാരണമായി ! മനുഷ്യൻ പാപത്തിനും മരണത്തിനും അടിമയായി. അവനിലുണ്ടായിരുന്ന പരിശുദ്ധാത്മാവ് അവന് നഷ്ടമായി. ജന്മ പാപത്തിന് ഇരയായി. ദൈവത്തെ കാണാൻ അസാദ്ധ്യമാകതക്ക വിധത്തിൽ അവൻ അന്ധകാരത്തിൽ ആഴുന്നുപോയി!

കരുണമയനായ സ്വർഗ്ഗ പിതാവ് അവനെ രക്ഷിക്കുവനായി പദ്ധതിയൊരുക്കി. തന്റെ ഏകജാതനെ മാനവ മോചനത്തിനായ് അയച്ചു. ഇതിനുള്ള വാഗ്ദാനം അവിടുന്ന് വിവിധ കാലങ്ങളിൽ തന്റെ ജനത്തിനു നല്കി. ദീർഘനാളത്തെ കാത്തിരിപ്പിനു ശേഷം കാലത്തിന്റെ പൂർത്തികരണത്തിൽ നിത്യകന്യകയായ മറിയത്തലൂടെ ദൈവം രക്ഷകനായ മിശിഹായെ ഈ ഭൂമിയിലെക്കയച്ചു (ഗലാത്തി 4 : 4). അതാണ് ക്രിസ്തുമസ്സ് ! മിശിഹായുടെ ജനനം ലോകത്തിന് വലിയ പ്രതിക്ഷ നല്കി."അന്ധകാരത്തിൽ സ്ഥിതി ചെയ്തിരുന്ന ജനങ്ങൾ വലിയ പ്രകാശം കണ്ടു. മരണത്തിന്റെ മേഖലയിലും നിഴലിലും വസിച്ചിരുന്നവർക്കായി ഒരു ദീപ്തി ഉദയം ചെയ്തു" (മത്തായി 4 : 16). ആ ദീപ്തിയാണ് ദൈവപുത്രനായ മിശിഹാ ! "തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നല്കി " (യോഹന്നാൻ 1 : 2). മനുഷ്യരെ ദൈവമക്കളാക്കുവാനാണ് ഈശോ ലോകത്തിലെക്ക് വന്നത്. അരൊക്കെ ഈശോയെ സ്വീകരിക്കുന്നവോ, അരൊക്കെ അവിടുത്തെ നാമത്തിൽ വിശ്വാസിക്കുന്നവോ അവരെല്ലാവരും രക്ഷപ്രാപിക്കും.

ഡിസംബർ ഒന്ന് മുതൽ ഇരുപ്പത്തി നാല് വരെ ആഗമനകാലമാണ്. ഈശോയുടെ പിറവിത്തിരുനാളിന് വേണ്ടിയുള്ള തീവ്രമായ ഒരുക്ക

ത്തിന്റെ കാലമാണ്. ആ നാളുകളിൽ വിവാഹാഘോഷങ്ങൾ മുടക്കിയിരിക്കുന്നു. മാംസ വർജ്ജനത്തിന്റെ കാലവുമാണ്. 25 ദിവസം തീവ്രമായ പ്രാർത്ഥനയും ഒരുക്കവും നടത്തി 25-ാം തിയ്യതി ക്രിസ്തുമസ്സ് ദിവസം ഈശോയെ സ്വീകരിക്കുവാൻ നാം ഒരുങ്ങുന്നു. പുൽക്കൂട്ടിൽ പിറന്ന മിശിഹാ നമ്മുടെ ഓരോരുത്തരുടെയും ഹൃദയത്തിലും പിറക്കുവാൻ യോഗ്യത ലഭിക്കേണ്ടതിന് നാം നമ്മുടെ ഹൃദയങ്ങളെ സൽകൃത്യങ്ങൾകൊണ്ട് അലങ്കരിച്ച് ഈശോയിക്ക് പിറക്കുവാൻ പൂമെത്ത ഒരുക്കണം. 25 ദിവസങ്ങളിലും സാധിക്കുന്നവരെല്ലാം വി. കുർബാനയിൽ പങ്കെടുക്കണം. കൂടുതൽ തിരുവചനം വായിക്കണം ; എല്ലാ വിധ തിന്മയിൽ നിന്നും അകന്ന് നിൽക്കണം. അങ്ങനെ പുണ്യപ്പെട്ട ക്രിസ്തുമസ്സ് അഘോഷിക്കുവാൻ നമ്മുക്ക് സാധിക്കട്ടേ. നമ്മുടെ കുടുംബങ്ങളിൽ ഈശോ വാഴുവാനും ഇടയാകട്ടേ. എല്ലാവർക്കും ക്രിസ്തുമസ്സ് മംഗളങ്ങൾ ആശംസിക്കുന്നു ; സമാഗതമാകുന്ന പുതുവർഷത്തിൽ എല്ലാ നന്മകളും നേരുന്നു.

"അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ ദൈവ കൃപ ലഭിച്ചവർക്ക് സമാധാനം" (ലൂക്കാ 2 :14) എന്ന മാലാഖാമാരുടെ ഗാനം നമ്മുടെ ഹൃദയത്തിലും കുടുംബത്തിലും പ്രതിധ്വനിക്കട്ടേ യെന്ന് പ്രാർത്ഥിച്ചുകൊണ്ട് + പിതാവിന്റേയും + പുത്രന്റെയും +പരിശുദ്ധാത്മാവിന്റേയും + നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി — + മാർ ലോറൻസ് മുക്കുഴി

24 -10 - 2019 — ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**N.B.:** ഈ സർക്കുലർ 24 -11 - 2019 ന് ഞായറാഴ്ച എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.



## കച്ചേരിക്കാര്യം

**1) Pope's Monthly Intention for November - 2019**

***"വിവിധ മതവിഭാഗങ്ങൾ ഒരുമിച്ച് ജീവിതം പങ്കിടുന്ന സമീപ കിഴക്കൻ പ്രദേശങ്ങളിൽ സംഭാഷണത്തിന്റെയും, അനുരജ്ഞനത്തിന്റെയും ഒരു മനോഭാവം ഉയർന്നു വരുന്നതിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം".***

**2) ഓർമ്മിക്കേണ്ട ദിവസങ്ങൾ**

1. ഏലിയ സ്ലീവ മൂശ എട്ടാം വെള്ളി – ആദ്യവെള്ളി
2 ഏലിയാ സ്ലീവ മൂശ എട്ടാം ശനി – സകല മരിച്ചവരുടെയും ഓർമ്മ

**പള്ളി ക്കൂദാശക്കാലം**

ആരാധനാവത്സരത്തിലെ അവസാനത്തെ നാല് ആഴ്ചകളാണ് പള്ളിക്കൂദാശക്കാലത്തിലുള്ളത്. പള്ളികൂദാശ എന്നാൽ സഭയുടെ പ്രതിഷ്ഠ എന്നാണർത്ഥം. ഈ കാലത്തിലെ ആദ്യത്തെ ഞായറാഴ്ച സഭാപ്രതിഷ്ഠയുടെ അനുസ്മരണം ആചരിക്കുന്നു. മിശിഹാ തന്റെ മണവാട്ടിയായ സഭയെ അവസാന വിധിക്കുശേഷം പിതാവിനു സമർപ്പിക്കുന്നതിനെ ഈ കാലത്തിന്റെ ആരംഭത്തിൽത്തന്നെ നാം അനുസ്മരിക്കുന്നു. യുഗാന്തത്തിൽ സഭ തന്റെ മക്കളോടൊപ്പം സ്വർഗ്ഗീയ ജെറുസലേമാകുന്ന മണവറയിൽ തന്റെ വരനെ കണ്ടുമുട്ടുന്നു. സഭാമക്കളെ കാത്തിരുന്ന നിത്യസൗഭാഗ്യത്തിന്റെ മുന്നാസ്വാദനം നല്കുന്ന കാലഘട്ടമാണിത്. മിശിയായുടെ മനുഷ്യാവതാര രഹസ്യത്തിൽ പങ്കുചേർന്നു കൊണ്ട് ദൈവജനം ആരംഭിക്കുന്ന വിശ്വാസ തീർത്ഥാടനം തിരുസഭയുടെ സ്വർഗീയ മഹത്ത്വ രഹസ്യത്തിൽ പൂർത്തിയാകും വിധമാണ് ആരാധനാവത്സരം സംവിധാനം ചെയ്തിരിക്കുന്നത്.

3. പള്ളി ക്കൂദാശ ഒന്നാം ഞയാർ
5. പള്ളിക്കൂദാശ ഒന്നാം ചൊവ്വ – വി. സഖറിയായും വി. ഏലീശ്വായും
10. പള്ളിക്കൂദാശ രണ്ടാം ഞായർ

17. പള്ളിക്കൂദാശ മൂന്നാം ഞായർ

24. പള്ളിക്കൂദാശ നാലാം ഞായർ – മിശിഹായുടെ രാജത്വത്തിരുനാൾ

30. പള്ളിക്കൂദാശ നാലാം ശനി – അന്ത്രയോസ് ശ്ലീഹ

3) **വൈദിക സമ്മേളനം (Priests' Conference)** : നവംബർ 26–ാം തീയ്യതി വൈകുന്നേരം 4.00 മണിമുതൽ 27–ാം തീയ്യതി ഉച്ചവരെ വൈദിക സമ്മേളനം ഉണ്ടായിരിക്കുന്നതാണ്.

4) **സന്യാസിനി സമ്മേളനം (Sisters' Gathering)**: സിസ്റ്റേഴ്സിന്റെ ആദ്യ സമ്മേളനം നവംബർ 15–ാം തീയ്യതി വൈകുന്നേരം 05.00 മണി മുതൽ നവംബർ 16–ാം തീയ്യതി ഉച്ചയ്ക്ക് 01.00 മണിവരെയും, രണ്ടാം സമ്മേളനം ഡിസംബർ 13–ാം തീയ്യതി വൈകുന്നേരം 5.00 മണി മുതൽ 14–ാം തീയ്യതി ഉച്ചവരെയും ജ്ഞാനനിലയത്തിൽ ചേരുന്നതാണ്.

5) **Prayerful Greetings to Rev. Fathers ;**

**Birth Day**

| | |
|---|---|
| Rev. Fr. Joseph Cheeran | Nov - 12 |
| Rev. Fr. Alex Ottaplackal CMI | Nov - 15 |
| Rev. Fr. Varghese Puthiyedath | Nov - 30 |

6) പിരിവ് : **Communication Day : Nov-10**

**Fr. Lawrence Poonolil**
Chancellor



# വിശ്വാസപരിശീലന രംഗം

***"തന്നെ സ്നേഹിക്കുന്നവരെ കർത്താവ് കടാക്ഷിക്കുന്നു; അവിടുന്ന് ശക്തമായ സംരക്ഷണവും ഉറപ്പുള്ള താങ്ങും, ചുടുകാറ്റിൽ അഭയ കേന്ദ്രവും, പൊരിവെയിലിൽ തണലും, ഇടറാതിരിക്കാൻ സംരക്ഷണവും, വീഴാതിരിക്കാൻ ഉറപ്പും ആണ്." (പ്രഭാ 34 : 19)***

♦ **വിശ്വാസ പരിശീലന ക്ലാസ്സുകളുടെ സന്ദർശനം.**

| | | | |
|---|---|---|---|
| **November** | **03** | - | Udane, Shirady And Addahole |
| **November** | **17** | - | Belthangady, Navoor, Bangady And Ujire |
| **November** | **24** | - | Dharmastala, Kalanja And Battial |
| **December** | **01** | - | Kuthlur, Shirlal, Kutrupady And Padavu |
| **December** | **15** | - | Guthigar, Nettana, Venoor And Mundaje |
| **January** | **12** | - | Mudur, Jadkal, Hebri And Manipal |

♦ **വിശ്വാസ പരിശീലന അദ്ധ്യാപക ദിനം നവംബർ 4.**

വി. ചാൾസ് ബൊറോമിയോയുടെ ഓർമ്മ തിരുനാളാണ് തിരുസഭ വിശ്വാസ പരിശീലകരുടെ ദിനമായി ആചരിക്കുന്നത്. ഈ ചെറിയവരിൽ ഒരുവൻ പോലും നശിച്ചുപോകാൻ എന്റെ സ്വർഗസ്ഥനായ പിതാവ് ഇഷ്ടപ്പെടുന്നില്ല (മത്ത 18:14) തങ്ങളെ ഏൽപ്പിച്ചിരിക്കുന്ന കുട്ടികളെ ദൈവസ്നേഹത്തിലും സഭാസ്നേഹത്തിലും വളർത്തുന്നതിൽ നിങ്ങൾ ചെയ്യുന്ന എല്ലാ ത്യാഗം നിറഞ്ഞ ശുശ്രൂഷകൾക്കും വിശ്വാസ പരിശീലകനായ ഈശോ നിങ്ങളെല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അതോടൊപ്പം ആ ദിനത്തിന്റെ എല്ലാവിധ ദൈവാനുഗ്രഹങ്ങളും നന്മകളും ആശംസിക്കുന്നു.

**അദ്ധ്യാപകരുടെ വാർഷിക സെമിനാർ**

വിശ്വാസ പരിശീലന അദ്ധ്യാപകരുടെ വാർഷിക സെമിനാർ ഒക്ടോബർ 5 മുതൽ 8 വരെയാണ് നടന്നത്. ബഹു. പോളി മണിയാട്ട് അച്ചനാണ് സെമിനാറിനു നേതൃത്വം നൽകിയത്. രണ്ട് ബാച്ചുകളിലായി 266 അദ്ധ്യാപകർ പങ്കെടുത്തു. ഈ സെമിനാറിലൂടെ നമുക്കു ലഭിച്ച വി. കുർബാനയുടെ ആഴവും പ്രധാന്യവും മനസിലാക്കി വിശ്വാസ പരിശീലന രംഗത്തെ കൂടുതൽ ഊർജസ്വ

ലമാക്കാം, വിശാസ വീക്ഷണത്തോടെ വി. കുർബാനയിൽ പങ്കെടുക്കുവാനും കുട്ടികളെ നയിക്കുവാനും വളർത്തുവാനും എല്ലാ അദ്ധ്യാപകരെയും ദൈവം സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

## ജ്ഞാന സന്ദേശ ബൈബിൾ ക്വിസ് 2019

പഠന വിഷയം  ഉത്പതി പുസ്തകം

4 –ാം ക്ലാസ് മുതൽ 7–ാം ക്ലാസുവരെയുള്ള കുട്ടികൾക്ക് 1 മുതൽ 25 വരെയുള്ള അദ്ധ്യായങ്ങൾ.

8–ാം ക്ലാസ് മുതൽ **മുതിർന്നവർ** വരെ  1 മുതൽ 50 അദ്ധ്യായങ്ങൾ.

1st Round Bible Quiz November 10 (Parish Level)

2nd Round Bible Quiz December 08 (Diocesan Level)

**ചോദ്യപേഷർ നവമ്പർ 03 നു ശേഷം ലഭിക്കുന്നതാണ്.**

പരീക്ഷാ സമയം: രാവിലെ 10.00 മുതൽ 12.30 മണിവരെ ആയിരിക്കും.

## ചെറുപുഷ്പ മിഷൻലീഗ്

2019 രൂപതാതല സി.എം.എൽ ബൈബിൾ കലോത്സവം ഒക്ടോബർ 12 ന് വിശ്വാസ പരിശീലന കേന്ദ്രത്തിൻ വച്ചു നടത്തപ്പെട്ടു. വിവിധ ഇടവകകളിൽ നിന്നു 162 കുട്ടികൾ തങ്ങളുടെ വിവിധ കലകൾ പല വേദികളിലായി പ്രദർശിപ്പിക്കുകയുണ്ടായി. നിങ്ങൾക്കു ദൈവം നൽകിയിരിക്കുന്ന താലന്തുകളെ വളർത്തിയെടുക്കുവാൻ ദൈവം നിങ്ങളെ ശക്തരാക്കട്ടെ. ഈ കലോത്സവത്തിനായി കുട്ടികളെ മനോഹരമായി ഒരുക്കുകയും വേണ്ട നിർദ്ദേശങ്ങൾ നല്കി അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത ബഹു.

അച്ചന്മാർക്കും സിസ്റ്റേഴ്സിനും അദ്ധ്യാപകർക്കും പ്രത്യേകം നന്ദി.

### 2019 Diocesan Level CML Bible Kalotsava Winners Congratulations !!!

| | WINNER | PARISH |
|---|---|---|
| **JUNIORS** | | |
| Speech I | Ruban Rocky Thiruthanathil | Thottathady |
| II | Thanvi Maria Konikkara | Mangaluru |
| III | Rose Maria Mundoliputhenpurayil | Addahole |
| **Song Solo** | | |
| I | Shreya Kalarthotti | Jadkal |
| II | Shreya Peringallur | Manipal |
| III | Austin Jacob Panachickal | Gandibagilu |
| **Folk Dance** | | |
| I | Mareena Paruvammel | Gandibagilu |
| II | Ashmi Mangalamadam | Kuthlur |
| III | Catherine Pallickal | Mangaluru |
| **SENIORS** | | |
| **Speech** | | |
| I | Thomas Moonnanapally | Mundaje |
| II | Alphonsa Nellanat | Mangaluru |
| III | Deseena Maria Vadackel | Bolminar |
| **Song Solo** | | |
| I | John Karugapally | Mangaluru |
| II | Shreya Peringallur | Manipal |
| III | Austin Jacob Panachickal | Gandibagilu |
| **Folk Dance** | | |
| I | Mareena Paruvammel | Gandibagilu |
| II | Ashmi Mangalamadam | Kuthlur |
| III | Catherine Pallickal | Mangaluru |
| **Group** | **Group Song** | |
| I | Elizabeth Chakkuvelil & Team | Manipal |
| II | Christeena Panachickal & Team | Kalenja |
| III | Francis Kadaplackal & Team | Mundaje |
| **Bible Quiz** | | |
| I | Jineet Umminiyil & Team | Padavu |
| II | Agnes Panachickal & Team | Kalenja |
| III | Joseph Madathipurath & Team | Moorje |
| **Bible Skit** | | |
| I | Johns Kadukammackal & Team | Kuthlur |
| II | Ashwath Kottayil & Team | Shirady |
| III | Prabeen Valookkaran & Team | Thottathady |

**Over All Champion    Mangaluru Forane**

**Runner Up    Thottathady Forane**

### സി.എം.എൽ. ഭാരവാഹികളുടെ ട്രൈനിങ്ങ് ക്യാമ്പ്

2019 ഒക്ടോബർ 13നു ഞായറാഴ്ച്ച രാവിലെ 9.30ന് ബഹു. ജോസഫ് മറ്റത്തിൽ അച്ചൻ വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി. തുടർന്നു മിഷൻ പതാക ഉയർത്തി. മിഷൻ ലീഗ് പ്രവർത്തനം തങ്ങളുടെ ഇടവകകളിൽ കൊച്ചു മിഷനറിമാരിലൂടെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുതുകുന്ന ക്ലാസുകളും പ്രവർത്തനങ്ങളും ബഹു. ജോസഫ് മറ്റത്തിൽ അച്ചന്റെ നെതൃത്വത്തിൽ ശ്രി. വർഗ്ഗീസ് കഴുതാഡിയിൽ, ശ്രി ജോൺ കോച്ചുചെറുനിലം, മിഷൻ ലീഗ് രൂപതാ പ്രസിഡന്റ് ജോർജ് കാരക്കൽ എന്നിവർ ക്ലാസുകൾ നയിച്ചു. ഇവരെ പ്രോത്സാഹിഷിച്ചു നയിക്കുന്ന ഇടവകകളിലെ എല്ലാ വൈസ് ഡയറക്ടേഴ്സിനും ആനിമേറ്റഴ്സിനും പ്രത്യേക നന്ദിയും അഭിനന്ദനങ്ങളും. പ്രസ്തുത സമ്മേളന ത്തിൽ 120 കുട്ടികൾ പങ്കെടുത്തു. 5.00 മണിയോടെ സമ്മേളനം സമാപിച്ചു.

**സഹന സഭയോടൊഷം**

**പ്രാർത്ഥിക്കാം**

ശുദ്ധികരണ സ്ഥലത്ത് വേദന അനുഭവിക്കുന്ന ആത്മക്കൾക്കുവേണ്ടി . 1 സ്വർഗ 1 നന്മ 1 മരിച്ചവിശ്വാസികളുടെ ആത്മക്കൾ.. . 1 ത്രിത്വ സ്തുതി ചോല്ലി കാഴ്ചവയ്ക്കുന്നു.

**പ്രവർത്തനം**

സിമിത്തേരി സന്ദർശിച്ച് മരിച്ച വിശാസികൾക്കുവേണ്ടി പ്രാർത്ഥിക്കുക.

**അനുസ്മരിക്കുന്ന തിരുനാൾ:**

വി. ലെയോ മാർപാഷ (നവംബർ 9)

വി. സിസിലി (നവംബർ 22)

**സുകൃതജപം:**

ഈശോയെ അങ്ങെ കൃപകൊണ്ട് എന്നെ നിറക്കണമെ.

**വചനം.**

അങ്ങു സ്വർഗത്തിൽനിന്ന് അവരുടെ പ്രാർത്ഥനകളും യാചനകളും ശ്രവിച്ച് അവരെ വിജയത്തിലേക്കു നയിക്കണമേ (2 ദിന 06 : 35)



## തിരുബാലസഖ്യം

അനുസ്മരിക്കുന്ന തിരുനാൾ

വി. ചാൾസ് ബൊറോമിയോ. (നവംബർ 4)

വി. ജെർത്രൂദ് കന്യക (നവംബർ 16)

**പ്രാർത്ഥനാ നിയോഗം:**

എല്ല മാതാപിതാക്കളെ സമർഷിച്ചുകൊണ്ട് **1സ്വർഗസ്തനായ 1.നന്മ 1. ത്രീത്വ സ്തുതി. എന്നും ചോല്ലി പ്രാർത്ഥിക്കുന്നു.**

**സുകൃതജപം:**

ഈശോയെ അങ്ങെ കാരുണ്യം എന്റെ മേൽ വർഷിക്കണമെ.

**വചനം:**

ഞാൻ അവർക്കു വീണ്ടും ഐശ്വര്യം നൽകുകയും അവരുടെമേൽ കരുണ ചൊരിയുകയും ചെയ്യും. (ജറെ 33 : 26)

**ഫാ. ജോസഫ് മറ്റം**

**വിശ്വാസപരിശീലന ഡയറക്ടർ**

## എവൻഗലിയോൻ 2020

### മെഗാ ബൈബിൾ ക്വിസ്സ്

* ബെൽത്തംഗഡി രൂപതാ ബൈബിൾ അഷസ്തൊലേറ്റിന്റെ മാർഗ്ഗദർശന ത്തിൽ ഗണ്ടിബാഗിലു സെന്റ തോമസ് വിശ്വാസ പരിശീലന കേന്ദ്രം ഒരു ക്കുന്ന കുടുംബാടിസ്ഥാനത്തിൽ നടത്തപ്പെടുന്ന മെഗാ ബൈബിൾ ക്വിസ്സ്.
* ദൈവവചനം പഠിക്കാൻ കുടുംബങ്ങൾക്ക് പ്രേരണയും പ്രോത്സാഹനവും നൽകുക എന്ന ലക്ഷ്യത്തോടെ ...
* ഒന്നാം സമ്മാനം: 15000 രൂപയും മെഗാ ട്രോഫിയും
* രണ്ടാം സമ്മാനം: 10000 രൂപയും ട്രോഫിയും
* മൂന്നാം സമ്മാനം: 7000 രൂപയും ട്രോഫിയും
* 7 പ്രോത്സാഹന സമ്മാനങ്ങൾ: 1000 രൂപാ വീതവും ട്രോഫിയും

## ക്വിസ് നിബന്ധനകൾ

1. പഠന വിഷയങ്ങൾ: നാല് സുവിശേഷങ്ങൾ – വി. മത്തായി, വി. മർക്കോസ്, വി. ലൂക്കാ, വി. യോഹന്നാൻ – 80%. ബൈബിൾ പൊതുവായി – 20%
2. ഭാഷ: കന്നഡ, മലയാളം
3. കന്നഡ ബൈബിൾ – കെ.ആർ.സി.ബി.സി. കന്നഡ ബൈബിൾ.

   മലയാളം – പി.ഒ.സി. ബൈബിൾ.
4. കുടുംബാടിസ്ഥാനത്തിൽ മൂന്ന് അംഗങ്ങളടങ്ങുന്ന ടീമുകളാണ് പങ്കെടുക്കേണ്ടത്. അതായത് ഒരു ടീം ഒരു കുടുംബത്തിൽനിന്നായിരിക്കണം. ആ ടീമിൽ ആ കുടുംബത്തിലെ മാതാപിതാക്കളിൽനിന്നും ഒരാളെങ്കിലും ഉണ്ടായിരിക്കണം.
5. ഒരു കുടുമ്പത്തിൽന്നിന്നും ഒന്നിൽ കൂടുതൽ ടീമുകൾക്ക് പങ്കെടുക്കാം.
6. ബെൽത്തംഗഡി രൂപതയുടെ കീഴിലുള്ള കുടുംബങ്ങൾക്ക് മാത്രമേ ഈ ബൈബിൾ ക്വിസ്സിൽ പങ്കെടുക്കുവാൻ അർഹതയുള്ളു.
7. ക്വിസ് മത്സരത്തിൽ പങ്കെടുക്കുന്ന കുടുംബങ്ങൾ അതാത് ഇടവകയിൽ ചേർന്നിട്ടുണ്ടായിരിക്കണം.
8. രണ്ട് ഘട്ടങ്ങളായിട്ടാണ് മത്സരങ്ങൾ നടക്കുന്നത്. ആദ്യ റൗണ്ട് ഫൊറോനാ തലത്തിൽ എഴുത്തു പരീക്ഷ ആയിരിക്കും. ഫൊറോനാ തലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച പത്ത് ടീമുകളാണ് രണ്ടാം റൗണ്ടിലേയ്ക്ക് വരുന്നത്. രണ്ടാം റൗണ്ട് ഗണ്ടിബാഗിലു ഇടവകയുടെ സമുദായ ഭവനത്തിൽ വച്ചായിരിക്കും നടത്തപ്പെടുക. അത് ഓറൽ ക്വിസ്സ് ആയിരിക്കും.
9. ഫൊറോനാ തലത്തിലെ ആദ്യ റൗണ്ട് ഏപ്രിൽ 26 ാം തിയതി രാവിലെ
10. 30 – 12. 30 വരെയും അവസാന റൗണ്ട് മെയ് 10 ാം തിയതി രാവിലെ 10.00 – 1.00 വരെയും ആയിരിക്കും നടത്തപ്പെടുക.
10. പേരു രജിസ്റ്റർ ചെയ്യുന്ന ടീമുകൾ തന്നിരിക്കുന്ന ഫോം പൂരിപ്പിച്ച് 50 രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് 29 ഫെബ്രവരി 2020 നുള്ളിൽ നിങ്ങളുടെ വികാരി അച്ചന്റെ അടുക്കലോ ഹെഡ്മാസ്റ്ററുടെ അടുക്കലോ മദറിന്റെ  അടുക്കലോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.



11. കൂടുതൽ വിവരങ്ങൾക്കായി സമീപിക്കേണ്ടത്:

    1. ബഹു. ഷാജി മാത്യു വെട്ടംതടത്തിൽ – 9480983244, 9448391581
    2. ഡേവിസ് കുട്ടപ്പശ്ശേരി – 9480523522
    3. ഷിജു ചേറ്റുതടത്തിൽ – 7090082661

രജിസ്ട്രേഷൻ ഫോമാറ്റ്:

* ടീമംഗങ്ങളുടെ പേര്

1. ..............................................................................................
2. ..............................................................................................
3. ..............................................................................................

* വീട്ടുപേര്: ..............................................................
* ഇടവക: ..............................................................
* ഫോൺ നമ്പർ: ..............................................................
* ഭാഷ: കന്നഡ ......................... മലയാളം .........................
* വികാരിയച്ചന്റെ ഒപ്പ് ..............................................................

**ഗണ്ടിബാഗിലു ഇടവകയ്ക്കുവേണ്ടി**

**ഫാ. ജോസഫ് മറ്റം**
**രൂപതാ ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടർ**

# ಸಮಾಜ ಸೇವಾ ವಿಭಾಗ

## ನವಜೀವನ ಹೆಚ್.ಐ.ವಿ/ಏಡ್ಸ್ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ:

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್(ರಿ) ಸಂಸ್ಥೆಯು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮತ್ತು ಭಾದಿತರಿಗೋಸ್ಕರ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ನೀಡುವ ಕಾರ್ಯಕ್ರಮವನ್ನು ನಡೆಸುತ್ತಿದ್ದು 80 ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ವ್ಯಕ್ತಿಗಳು, 30 ಸೋಂಕಿತ ಮಕ್ಕಳು ಹಾಗೂ 60 ಭಾದಿತ ಮಕ್ಕಳಿಗೆ ಮಾನಸಿಕ ಸ್ಥೈರ್ಯ ನೀಡುವ ಕೆಲಸವನ್ನು ಮಾಡುತ್ತಿದೆ.

ಡಿ.ಕೆ.ಆರ್. ಡಿ.ಎಸ್ (ರಿ) ಬೆಳ್ತಂಗಡಿ, ನವಜೀವನ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ ಇವರ ನೇತೃತ್ವದಲ್ಲಿ ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮತ್ತು ಭಾದಿತ ಮಕ್ಕಳ ಚಿಲಿ ಪಿಲಿ – 2019 ರಜಾ ಶಿಬಿರವನ್ನು ದಿನಾಂಕ 13.10.19 ರಂದು ಬೆಳ್ತಂಗಡಿಯ ಸಾನ್ ತೋಮ್ ಟವರ್ ನಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ಕಾರ್ಯಕ್ರಮದ ಅಧ್ಯಕ್ಷತೆಯನ್ನು ನವಚೈತನ್ಯ ಸಂಘದ ಅಧ್ಯಕ್ಷೆ ಶ್ರೀಮತಿ ಲಲಿತರವರು ವಹಿಸಿದ್ದರು. ಮುಖ್ಯ ಅತಿಥಿಗಳಾಗಿ ಶ್ರೀಮತಿ ಮಂಜುಳಾ ಜೋನ್ ಅಧ್ಯಕ್ಷರು ಸ್ನೇಹಕಿರಣ ಜಿಲ್ಲಾ ಮಹಿಳಾ ಒಕ್ಕೂಟ ಬೆಳ್ತಂಗಡಿ ಇವರು ಆಗಮಿಸಿ ಮಕ್ಕಳಿಗೆ ಪೌಷ್ಟಿಕ ಆಹಾರ ವಿತರಿಸಿ ಶುಭ ಹಾರೈಸಿದರು. ಶ್ರೀ ಆಂಟನಿ ಟಿ.ಆರ್ ಅಧ್ಯಕ್ಷರು ವಿನ್ಸೆಂಟ್ ಡಿ ಪಾವ್ಲ್ ಸೊಸೈಟಿ ಉಜಿರೆ ಹಾಗೂ ಶ್ರೀಮತಿ ರಾಣಿ ಸನ್ನಿ ಅಧ್ಯಕ್ಷರು ಅನುಗ್ರಹ ಸ್ವ ಸಹಾಯ ಸಂಘ ತೋಟತ್ತಾಡಿ ವೇದಿಕೆಯಲ್ಲಿ ಉಪಸ್ಥಿತರಿದ್ದು ಶುಭ ಹಾರೈಸಿದರು.

ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಗಳಾಗಿ ಸರಕಾರಿ ಪ್ರಥಮ ದರ್ಜೆ ಕಾಲೇಜು ವಾಮದಪದವು ಇಲ್ಲಿನ ವಿದ್ಯಾರ್ಥಿಗಳು ಕೌಶಲ್ಯಭಿವೃದ್ಧಿ ಪೂರಿತ ಚಟುವಟಿಕೆಗಳನ್ನು ನಡೆಸಿ ಮಾಹಿತಿ ನೀಡಿದರು. ಮಕ್ಕಳ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಸಹಾಯಾರ್ಥ ವಿನ್ಸೆಂಟ್ ಡಿ ಪಾವ್ಲ್ ಸೋಸೈಟಿ ಉಜಿರೆ ವತಿಯಿಂದ ರೂ 10000 ಹಾಗೂ ಅನುಗ್ರಹ ಸ್ವ ಸಹಾಯ ಸಂಘ ತೋಟತ್ತಾಡಿ ವತಿಯಿಂದ ರೂ 5000 ಧನ ಸಹಾಯ ವಿತರಿಸಿದರು. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ। ಸ್ವಾ ಬಿನೋಯಿ ಎ.ಜೆ. ಸಂಸ್ಥೆಯ ವತಿಯಿಂದ ನಡೆಸುವ ಕಾರ್ಯಕ್ರಮಗಳ ಬಗ್ಗೆ ತಿಳಿಸಿದರು. ಜ್ಯೋತಿ ಆಸ್ಪತ್ರೆ ಲಾಯಿಲ ಇಲ್ಲಿನ ವೈದ್ಯಾದಿಕಾರಿಗಳು ವೈದ್ಯಕೀಯ ತಪಾಸಣೆ ನಡೆಸಿದರು. ಒಟ್ಟು 26 ಮಕ್ಕಳು, ಹೆತ್ತವರು ಹಾಗೂ ಸಂಘಟನೆಗಳ ಪದಾಧಿಕಾರಿಗಳು ಭಾಗವಹಿಸಿದ್ದರು.



## ಸ್ಮೈಲ್ ಸುರಕ್ಷಾ ಯೋಜನೆ:

ಈ ಯೋಜನೆಯನ್ನು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮಕ್ಕಳ ಆರೋಗ್ಯ ಸುಧಾರಣೆ, ಪೌಷ್ಟಿಕ ಆಹಾರ ಪೂರೈಕೆ ಮತ್ತು ಶಿಕ್ಷಣಕ್ಕೆ ನೆರವು ನೀಡುವ ಉದ್ದೇಶದಿಂದ ಸರಸ್ಥೆ ಮಟ್ಟದಲ್ಲಿ ಅನುಷ್ಠಾನಗೊಳಿಸಿದ್ದು ಸೋಂಕಿತ ಮಕ್ಕಳ ಅಭಿವೃದ್ಧಿ ಮತ್ತು ಅವರನ್ನು ಸಮಾಜದ ಮುಖ್ಯ ವಾಹಿನಿಗೆ ತರುವುದು ಈ ಯೋಜನೆಯ ಮುಖ್ಯ ಉದ್ದೇಶವಾಗಿದೆ.

ಅಕ್ಟೋಬರ್ ತಿಂಗಳಲ್ಲಿ ರೂ 37000 /– ಧನ ಸಹಾಯ ಬಂದಿದ್ದು, ಪೌಷ್ಟಿಕ ಆಹಾರ ಪೂರೈಕೆ, ಶಿಕ್ಷಣಕ್ಕೆ ನೆರವು ಹಾಗೂ ವೈದ್ಯಕೀಯ ಚಿಕಿತ್ಸೆಗಾಗಿ ಸಹಕಾರಿಯಾಗಿದೆ.

## ಸಮೃದ್ಧಿ ಯೋಜನೆ:

ಈ ಯೋಜನೆಯು ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರು ಇದರ ನೇತೃತ್ವದಲ್ಲಿ ಸ್ವ–ಸಹಾಯ ಸಂಘದ ಮಹಿಳೆಯರಿಗೆ ಆದಾಯೋತ್ಪನ್ನ ಚಟುವಟಿಕೆಗಳನ್ನು ಆರಂಭಿಸಲು ಸಾಲ ಕೊಡುವ ಯೋಜನೆಯಾಗಿದೆ.

ಈ ತಿಂಗಳಲ್ಲಿ ದಿನಾಂಕ 10.10.19 ಹಾಗೂ 30.10.19 ರಂದು ನೆಟ್ಟಣ, 19.10.19 ರಂದು ಕಾಯರ್ತಡ್ಕ ಕ್ಷೇತ್ರದ ಸ್ವ ಸಹಾಯ ಸಂಘದ ಸದಸ್ಯರಿಗೆ ಕಿರು ಉದ್ದಿಮೆ ಬಗ್ಗೆ ಮಾಹಿತಿ ನೀಡಲಾಗಿದೆ ಹಾಗೂ ಧರ್ಮಸ್ಥಳ, ನೆಟ್ಟಣ ಹಾಗೂ  ಕೊಕ್ಕಡ ಕ್ಷೇತ್ರದ ಸದಸ್ಯರಿಗೆ ಕಿರು ಉದ್ದಿಮೆಗಾಗಿ 20 ಅರ್ಜಿಯನ್ನು ಕ್ರಾಸ್ ಸಂಸ್ಥೆಗೆ ಕಳುಹಿಸಿಕೊಡಲಾಗಿದೆ.

## ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮ:

ಮಿಸೆರಿಯೋರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮವು ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್. ಡಿ.ಎಸ್.ಸಂಸ್ಥೆಯ ಮೂಲಕ ಬೆಳ್ತಂಗಡಿ ಹಾಗೂ ಪುತ್ತೂರು ತಾಲೂಕುಗಳ 30 ಆಯ್ದ ಗ್ರಾಮಗಳಲ್ಲಿ  ವ್ಯಾಪಿಸಿದೆ. ಒಟ್ಟು 123 ಮಹಿಳಾ ಸ್ವ–ಸಹಾಯ ಸಂಘಗಳು, 8 ಮಹಾಸಂಘಗಳು ಮತ್ತು 2 ನೋಂದಾಯಿತ ಒಕ್ಕೂಟಗಳು ಇವೆ. ಒಟ್ಟು 1326 ಮಂದಿ ಸದಸ್ಯರು ಸ್ವ–ಸಹಾಯ ಸಂಘದ ಸದಸ್ಯತ್ವ ಪಡೆದಿದ್ದಾರೆ.

ದಿನಾಂಕ 23.9.2019 ರಂದು ಮಿಯ್ಯಾರಿನಲ್ಲಿ ಸಂಘದ ಸದಸ್ಯರಿಗೆ ಆಹಾರದ ಹಕ್ಕಿನ ಕುರಿತು ತರಭೇತಿ ಕಾರ್ಯಕ್ರಮವನ್ನು ಹಮ್ಮಿಕೊಳ್ಳಲಯಿತು. ಸಂಯೋಜಕಿ ಶುಭಾ ತರಭೇತಿ ನೀಡಿದರು. ಕಾರ್ಯಕರ್ತರಾದ ಮಾರ್ಕ್ ಡಿಸೋಜ ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 23.9.2019ರಂದು ಶಿರಾಡಿಯಲ್ಲಿ ಸಂಘದ ಸದಸ್ಯರಿಗೆ ಸಂಘರ್ಷ ನಿರ್ವಹಣೆಯ ಕುರಿತು ತರಭೇತಿ ಕಾರ್ಯಕ್ರಮವನ್ನು ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಸ್ಥಳೀಯ

ಧರ್ಮಗುರುಗಳಾದ ವಂ। ಫಾ। ಮನೋಜ್ ಇವರು ಕುಟುಂಬದಲ್ಲಿ ನಡೆಯುವ ಕಲಹಗಳನ್ನು ಯಾವ ರೀತಿ ನಿರ್ವಹಣೆ ಮಾಡುವುದು ಮತ್ತು ಕುಟುಂಬದಲ್ಲಿ ಪ್ರತಿಯೊಬ್ಬರ ವ್ಯಕ್ತಿತ್ವ ಹೇಗಿರಬೇಕು ಎಂದು ತರಭೇತಿಯನ್ನು ನೀಡಿದರು. ಕಾರ್ಯಕರ್ತರಾದ ಶ್ರೀಮತಿ ಎಲ್ಸಿ ತೋಮಸ್ ಇವರು ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 24.9.2019ರಂದು ಅಮೂಲ್ಯ ಮಹಾಸಂಘ ನೆಲ್ಯಾಡಿ ಇದರ ಸದಸ್ಯರಿಗೆ ಮಳೆ ನೀರಿನ ಕೊಯ್ಲಿನ ಕುರಿತು ತರಭೇತಿ ಕಾರ್ಯಕ್ರಮವನ್ನು ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ವಾಮದಪದವು ಕಾಲೇಜಿನ ಬಿ.ಎಸ್.ಡಬ್ಲ್ಯು ವಿದ್ಯಾರ್ಥಿಗಳು ತರಭೇತಿಯನ್ನು ನೀಡಿದರು. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ।ಫಾ। ಬಿನೋಯಿ ಎ.ಜೆ, ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆಯ ಸಂಯೋಜಕಿ ಕು.ಶುಬಾ, ಕಾರ್ಯಕರ್ತರಾದ ಶ್ರೀಮತಿ ಎಲ್ಸಿ ತೋಮಸ್ ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 25.9.2019 ರಂದು ಬಾಗ್ಯೋದಯ ಮಹಾಸಂಘ ನೆಟ್ಟಣ ಇದರ ವತಿಯಿಂದ ಪೌಷ್ಟಿಕ ಆಹಾರ ಪ್ರಾತ್ಯಕ್ಷಿಕೆ ಮತ್ತು ತರಭೇತಿ ಕಾರ್ಯಕ್ರಮವನ್ನು ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಮಹಾಸಂಘದ ಅಧ್ಯಕ್ಷೆ ಶ್ರೀಮತಿ ಕುಂಞಲಕ್ಷ್ಮೀ ಅಧ್ಯಕ್ಷತೆ ವಹಿಸಿದರು. ಶ್ರೀಮತಿ ಮಾಲತಿ ಹಿರಿಯ ಆರೋಗ್ಯ ಕಾರ್ಯಕರ್ತೆ ಇವರು ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಯಾಗಿ ಆಗಮಿಸಿ ತರಬೇತಿ ನೀಡಿದರು. ಸಂಘದ ಸದಸ್ಯರು ತಮ್ಮ ಮನೆಗಳಿಂದ ತಯಾರಿಸಿ ತಂದ ಪೌಷ್ಟಿಕ ಆಹಾರಗಳ ಪ್ರಾತ್ಯಕ್ಷಿಕೆ ನಡೆಯಿತು. ನಂತರ ಉತ್ತಮ ಪೌಷ್ಟಿಕಾಂಶವುಳ್ಳ ಆಹಾರ ತಯಾರಿಸಿದವರಿಗೆ ಬಹುಮಾನ ವಿತರಿಸಲಾಯಿತು. ಕಾರ್ಯಕರ್ತರಾದ ಶ್ರೀಮತಿ ಸುಶೀಲ ಇವರು ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 26.9.2019ರಂದು ಕಾಯರ್ತ್ತಡ್ಕದಲ್ಲಿ ಸಂಘದ ಸದಸ್ಯರಿಗೆ ತೋಟಗಾರಿಕಾ ಇಲಾಖೆಯಿಂದ ಸಿಗುವ ಸೌಲಭ್ಯಗಳ ಕುರಿತು ತರಭೇತಿ ಕಾರ್ಯಕ್ರಮವನ್ನು ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಉಜಿರೆ ಎಸ್.ಡಿ,ಎಮ್ ಕಾಲೇಜಿನ ಎಂ.ಎಸ್.ಡಬ್ಲ್ಯು ವಿದ್ಯಾರ್ಥಿ ಶ್ರೀ. ಸೃಜನ್ ಇಲಾಖೆಯಲ್ಲಿ ಸಿಗುವ ಸೌಲಭ್ಯಗಳ ಕುರಿತು ವಿವರಿಸಿದರು. ಎಂ.ಎಸ್.ಡಬ್ಲ್ಯು ವಿದ್ಯಾರ್ಥಿ ವಿನೀತ್ ಇವರು ಕಾರ್ಯಕರ್ತರಾದ ಮಾರ್ಕ್ ಡಿಸೋಜ ಇವರು ಉಪಸ್ಥಿತರಿದ್ದರು.

**ಆರೋಗ್ಯ ತಪಾಸಣಾ ಶಿಬಿರ:**

ದಿನಾಂಕ 29.9.2019ರಂದು ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್(ರಿ) ಬೆಳ್ತಂಗಡಿ, ಜ್ಯೋತಿ ಆಸ್ಪತ್ರೆ ಲಾಯಿಲ, ಪ್ರಸಾದ್ ನೇತ್ರಾಲಯ ಉಡುಪಿ, ಸೈಂಟ್ ಮೇರಿಸ್ ಕ್ರೆಡಿಟ್ ಯೂನಿಯನ್ ಕುಟ್ರುಪಾಡಿ, ಕೆ.ಎಸ್.ಎಂ.ಸಿ.ಎ ಕುಟ್ರುಪಾಡಿ, ಸೀರೋ ಮಲಬಾರ್ ಮಾತೃವೇದಿ ಮತ್ತು



ಪಿತೃವೇದಿ ಕುಟ್ರುಪಾಡಿ, ಸೀರೋ ಮಲಬಾರ್ ಯೂತ್ ಮೂವ್‌ಮೆಂಟ್ ಕುಟ್ರುಪಾಡಿ, ಸೈಂಟ್ ವಿನ್ಸೆಂಟ್ ಡಿ ಪೌಲ್ ಸೊಸೈಟಿ ಕುಟ್ರುಪಾಡಿ, ಕಿರಣ್ ಮಹಿಳಾ ತಾಲೂಕು ಒಕ್ಕೂಟ ಕಡಬ ಮತ್ತು ಜೀವಜ್ಯೋತಿ ಮಹಾಸಂಘ ಕುಟ್ರುಪಾಡಿ ಇವರ ಸಹಕಾರದೊಂದಿಗೆ ಉಚಿತ ಆರೋಗ್ಯ ತಪಾಸಣಾ ಶಿಬಿರವನ್ನು ಸೈಂಟ್ ಮೇರಿಸ್ ಚರ್ಚ್ ಕುಟ್ರುಪಾಡಿ ಸಭಾಂಗಣದಲ್ಲಿ ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಸಭಾ ಕಾರ್ಯಕ್ರಮದ ಅಧ್ಯಕ್ಷತೆಯನ್ನು ಜೀವಜ್ಯೋತಿ ಮಹಾಸಂಘ ಅಧ್ಯಕ್ಷೆ ಶ್ರೀಮತಿ ಲೂಸಿ ವಹಿಸಿದರು. ಸೈಂಟ್ ಮೇರಿಸ್ ಚರ್ಚ್‌ನ ಧರ್ಮಗುರುಗಳಾದ ವಂ।ಫಾ। ಜೋಸ್ ಆಯಾಂಕುಡಿರವರು ಶಿಬಿರ ಉದ್ಘಾಟಿಸಿದರು. ಸಿ.ಡಾ.ಆನ್‌ಗ್ರೇಸ್ ವೈದ್ಯಾಧಿಕಾರಿ ಜ್ಯೋತಿ ಆಸ್ಪತ್ರೆ ಲಾಯಿಲ, ವಂ।ಫಾ। ಬಿನೋಯಿ ಎ.ಜೆ ಹಾಗೂ ಎಲ್ಲಾ ಸಂಘಟನೆಗಳ ಮುಖ್ಯಸ್ಥರು ವೇದಿಕೆಯಲ್ಲಿ ಉಪಸ್ಥಿತರಿದ್ದರು. ಸಭಾ ಕಾರ್ಯಕ್ರಮದ ನಂತರ ಆರೋಗ್ಯ ತಪಾಸಣೆ ಮಾಡಲಾಯಿತು. 102 ಜನರು ಶಿಬಿರದ ಪ್ರಯೋಜನ ಪಡೆದರು.

ದಿನಾಂಕ 26.9.2019ರಂದು ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ಮೂಲಕ ಸ್ನೇಹಕಿರಣ ಎಂಬ ಜಿಲ್ಲಾ ಒಕ್ಕೂಟ ರಚನೆಗೊಂಡಿದೆ. ಇದರ ಅಧ್ಯಕ್ಷರಾಗಿ ಶ್ರೀಮತಿ ಮಂಜುಳಾ ಜಾನ್, ಉಷಾ ಜೋಯಿ ಉಪಾಧ್ಯಕ್ಷರಾಗಿ, ಶ್ರೀಮತಿ ಎಲಿಯಾಮ್ಮ ತೋಮಸ್ ಕಾರ್ಯದರ್ಶಿಯಾಗಿ, ಶ್ರೀಮತಿ ಡೈಸಿ ಜೋಯಿ ಜೊತೆ ಕಾರ್ಯದರ್ಶಿಯಾಗಿ, ಶ್ರೀಮತಿ ಶೈಲಾ ಜೊಸೆಫ್ ಕೋಶಾಧಿಕಾರಿಯಾಗಿ, ಹಾಗೂಸದಸ್ಯರುಗಳಾಗಿ ಶ್ರೀಮತಿ ಶೀಲಾ, ಆಲೀಸ್, ಜಾನೆಟ್ ಹಾಗೂ ಸ್ವಪ್ನಾಇವರು ಆಯ್ಕೆಯಾಗಿದರು.

**ಮನವಿ ಸಲ್ಲಿಕೆ:**

ಚೈತನ್ಯ ಮಹಾಸಂಘ ತೋಟತ್ತಾಡಿ ಮತ್ತು ಗ್ರಾಮಸ್ಥರ ಮೂಲಕ ನೆರಿಯ ಪ್ರಾಥಮಿಕ ಆರೋಗ್ಯ ಕೇಂದ್ರದಲ್ಲಿ ಖಾಯಂ ವೈದ್ಯಾಧಿಕಾರಿಗಳ ನೇಮಕ ಆಗ್ರಹಿಸಿ 373 ಗ್ರಾಮಸ್ಥರ ಸಹಿ ಸಂಗ್ರಹಿಸಿ ಆರೋಗ್ಯ ಮಂತ್ರಿ, ಜಿಲ್ಲಾ ಆರೋಗ್ಯ ಅಧಿಕಾರಿ, ಶಾಸಕರು, ತಾಲೂಕು ಆರೋಗ್ಯ ಅಧಿಕಾರಿಯವರಿಗೆ ಮನವಿ ಸಲ್ಲಿಸಿದ್ದಾರೆ.

ದಿನಾಂಕ 24.9.2019ರಂದು ಜೀವಜ್ಯೋತಿ ಮಹಾಸಂಘ ಮೂಲಕ ಕಡಬ ಪ್ರಾಥಮಿಕ ಆರೋಗ್ಯ ಕೇಂದ್ರದಲ್ಲಿ ವೈದ್ಯಾಧಿಕಾರಿಗಳ ಹಾಗೂ ಸಿಬ್ಬಂದಿಗಳ ನೇಮಕ ಆಗ್ರಹಿಸಿ ಮತ್ತು ಆಯುಷ್ಮಾನ್ ಕಾರ್ಡ್ ನೋಂದಣಿಯನ್ನು ಕಡಬ ಆರೋಗ್ಯ ಕೇಂದ್ರದಲ್ಲೇ ಮಾಡುವಂತೆ ಆಗ್ರಹಿಸಿ ಜಿಲ್ಲಾ ಆರೋಗ್ಯ ಅಧಿಕಾರಿ, ತಾಲೂಕು ಆರೋಗ್ಯ ಅಧಿಕಾರಿ, ಉಪ ತಹಶಿಲ್ದಾರ್, ಗ್ರಾಮ ಪಂಚಾಯತ್ ಕಡಬ ಮತ್ತು ಕುಟ್ರುಪಾಡಿ ಇವರಿಗೆ ಮನವಿ ಸಲ್ಲಿಸಿದ್ದಾರೆ. ಕಿರಣ್ ಒಕ್ಕೂಟದ ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು. ಕಾರ್ಯಕರ್ತರಾದ ಸುಶೀಲ ಹಾಜರಿದ್ದರು.

**ನಿರ್ದೇಶಕರಿಂದ ಕಾರ್ಯಕ್ಷೇತ್ರ ಭೇಟಿ:**

ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ|ಫಾ| ಬಿನೋಯಿ ಎ.ಜೆ ರವರು ಉದಯ ಮಹಾಸಂಘ ಗಂಡಿಬಾಗಿಲು, ಅಮೂಲ್ಯ ಮಹಾಸಂಘ ನೆಲ್ಯಾಡಿ, ನಂದಾದೀಪ ಸಂಘ ಸಂಜಯನಗರ, ಸ್ನೇಹಜ್ಯೋತಿ ಒಕ್ಕೂಟ ಬೆಳ್ತಂಗಡಿ ಮತ್ತು ಕಡಬದ ಕಿರಣ್ ಒಕ್ಕೂಟಕ್ಕೆ ಭೇಟಿ ಸೂಕ್ತ ಸಲಹೆ ಸೂಚನೆ ನೀಡಿ ಸದಸ್ಯರಿಗೆ ಪ್ರೋತ್ಸಾಹ ನೀಡಿದ್ದಾರೆ.

**ಕ್ರಾಸ್ ಸಂಸ್ಥೆಯಿಂದ ಮೇಲ್ವಿಚಾರಣಾ ಭೇಟಿ:**

ಮಿಸೋರಿಯರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆಯ ಮೇಲ್ವಿಚಾರಣಾ ಭೇಟಿಯು ಕ್ರಾಸ್ ಸಂಸ್ಥೆಯ ಮೂಲಕ ದಿನಾಂಕ 10.10.2019 ಮತ್ತು 11.10.2019 ರಂದು ನಡೆಯಿತು. ಕ್ರಾಸ್ ಸಂಸ್ಥೆಯಿಂದ ರಾಜ್ಯ ಸಂಯೋಜಕರಾದ ಶ್ರೀ. ಸೆಬಾಸ್ಟಿಯನ್‌ರವರು ಆಗಮಿಸಿ ಉದಯ ಮಹಾಸಂಘ ಗಂಡಿಬಾಗಿಲು, ಅಮೂಲ್ಯ ಮಹಾಸಂಘ ನೆಲ್ಯಾಡಿ, ಸರ್ವಶ್ರೀ ಮಹಾಸಂಘ ಕಳೆಂಜ, ಜೀವಜ್ಯೋತಿ ಮಹಾಸಂಘ ಕುಟ್ರುಪಾಡಿ, ಸ್ನೇಹಜ್ಯೋತಿ ಒಕ್ಕೂಟ ಬೆಳ್ತಂಗಡಿ ಮತ್ತು ಕಿರಣ್ ಒಕ್ಕೂಟ ಕಡಬ ಮತ್ತು ಇಬ್ಬರು ಸದಸ್ಯರ ವೈಯುಕ್ತಿಕ ಸಂದರ್ಶನ ಮಾಡಿದ್ದಾರೆ.

**ನವಜೀವನ ಆರೋಗ್ಯ ವಿಮಾ ಯೋಜನೆ:**

ನ್ಯಾಶನಲ್ ಇನ್ಶೂರೆನ್ಸ್ ಕಂಪೆನಿ ಹಾಗೂ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಗಳ ಜಂಟಿ ಆಶ್ರಯದಲ್ಲಿ ಒಬ್ಬರಿಗೆ ವಾರ್ಷಿಕ ಗರಿಷ್ಠ ರೂ. 50,000/– ವಿಮಾ ಮೊತ್ತ ಪಡೆಯುವ ಸೌಲಭ್ಯ ಈ ಯೋಜನೆಯಲ್ಲಿದೆ. ಏಪ್ರೀಲ್ ಹಾಗೂ ಸೆಪ್ಟೆಂಬರ್ ಹೀಗೆ ವರ್ಷದಲ್ಲಿ ಎರಡು ಸಲ ಪ್ರೀಮಿಯಮ್ ಮೊತ್ತ ವಿಮಾದಾರರಿಂದ ಸಂಗ್ರಹಿಸಿ ಕಂಪೆನಿಗೆ ಕೊಡಲಾಗುತ್ತದೆ. ಅಂತೆಯೇ ಅಕ್ಟೋಬರ್ 3 ರಂದು 125 ವಿಮಾದಾರರನ್ನು ಈ ಯೋಜನೆಗೆ ಸೇರಿಸಲಾಗಿದೆ.

**ಶಕ್ತಿ ಸುರಭಿ ಪ್ಲಾಂಟ್ –ಬಯೋಗ್ಯಾಸ್ ಯೋಜನೆ:**

ತ್ಯಾಜ್ಯವನ್ನು ಸಮರ್ಪಕವಾಗಿ ನಿರ್ವಹಣೆ ಮಾಡಿ ಅದರ ಮೂಲಕ ಶಕ್ತಿಯನ್ನಾಗಿ ಪರಿವರ್ತಿಸಿ ಅದನ್ನು ಇಂಧನವಾಗಿ ಪಡೆಯುವ ನಿಟ್ಟಿನಲ್ಲಿ ಬಯೋಗ್ಯಾಸ್ ಯೋಜನೆ ಕಾರ್ಯನಿರ್ವಹಿಸುತ್ತಿದೆ. ಉಡುಪಿಯ ಕಟಪಾಡಿಯ ವಿಜಯ ಇಂಡಸ್ಟ್ರೀಸ್ ಹಾಗೂ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ಜಂಟಿ ಸಹಯೋಗದೊಂದಿಗೆ ಈ ಯೋಜನೆಯನ್ನು ಆರಂಭಿಸಿದ್ದೇವೆ.

ದಿನಾಂಕ 18.09.2019, 20.09.2019 ಹಾಗೂ 12.10.2019 ರಂದು 2 ಕ್ಯುಬಿಕ್ ಸಾಮರ್ಥ್ಯದ ಘಟಕವನ್ನು ಬಿಳಿನೆಲೆ ಗ್ರಾಮ ಪಂಚಾಯತ್ ವ್ಯಾಪ್ತಿಯಲ್ಲಿ 3 ಹಾಗೂ



ಚಾರ್ಮಾಡಿ ಗ್ರಾಮ ಪಂಚಾಯತ್ ವ್ಯಾಪ್ತಿಯ ಒಂದು ಮನೆಗೆ ಈ ಘಟಕವನ್ನು ಅಳವಡಿಸಲಾಗಿದೆ.

**ಗಾಂಧಿಜಯಂತಿ ಪ್ರಯುಕ್ತ ನೆರೆಪೀಡಿತ ಪ್ರದೇಶದಲ್ಲಿ ಶ್ರಮದಾನ:**

2019 ಅಗಸ್ಟ್ ತಿಂಗಳಲ್ಲಿ ಸುರಿದ ಭಾರೀ ಮಳೆ ಮತ್ತು ಗುಡ್ಡ ಕುಸಿತದ ಪರಿಣಾಮದಿಂದ ಬೆಳ್ತಂಗಡಿ ತಾಲೂಕಿನ ಹಲವು ಕಡೆಗಳಲ್ಲಿ ಭೀಕರ ಹಾನಿಯುಂಟಾಗಿರುವುದು ವಿಷಾಧನೀಯ. ನಿರಾಶ್ರಿತರಿಗೆ ಎಂದು ತೆರೆದ ಗಂಜಿ ಕೇಂದ್ರಗಳಿಗೆ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ| ಸ್ವಾ ಬಿನೋಯಿ ಎ.ಜೆ. ಹಾಗೂ ಸಿಬ್ಬಂದಿ ವರ್ಗದವರು ಭೇಟಿ ನೀಡಿ ಸಾಂತ್ವನ ಹೇಳಿದ್ದಾರೆ. ಹಾಗೆಯೇ ವೈದ್ಯಕೀಯ ಚಿಕಿತ್ಸೆಗೆಂದು ಧನ ಸಹಾಯ ನೀಡಲಾಗಿದೆ. ನೆರೆ ಪೀಡಿತ ಪ್ರದೇಶಗಳ ಮರು ನಿರ್ಮಾಣದ ಕಾರ್ಯದಲ್ಲಿ ಸಂಸ್ಥೆ ಕೈಜೋಡಿಸಿದೆ.

ದಿನಾಂಕ 2.10.2019 ಗಾಂಧಿಜಯಂತಿ ಪ್ರಯುಕ್ತ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ನೇತೃತ್ವದಲ್ಲಿ ಸೈಂಟ್ ತೋಮಸ್ ಕಾಲೇಜು ಬೆಳ್ತಂಗಡಿ, ಸರಕಾರಿ ಪ್ರಥಮ ದರ್ಜೆ ಕಾಲೇಜು ವಾಮದಪದವು, ಮಾತೃವೇದಿ ಮತ್ತು ಕೆ.ಎಸ್.ಎಂ.ಸಿ.ಎ ಸೈಂಟ್ ಆಂಟನೀಸ್ ಚರ್ಚ್ ತೋಟತ್ತಾಡಿ, ಎಸ್.ಎಂ.ವೈ.ಎಂ ಸೈಂಟ್ ಮೇರಿಸ್ ಚರ್ಚ್ ಮುಂಡಾಜೆ ಮತ್ತು ಪಿತೃವೇದಿ ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯ, ಸ.ಪ್ರ.ದ.ಕಾಲೇಜು ಮೆಲಂತಬೆಟ್ಟು ಸ್ನೇಹಜ್ಯೋತಿ ಮಹಿಳಾ ತಾಲೂಕು ಒಕ್ಕೂಟ ಬೆಳ್ತಂಗಡಿ ಇವುಗಳ ಆಶ್ರಯದೊಂದಿಗೆ ಮಲವಂತಿಗೆ ಗ್ರಾಮ ಪಂಚಾಯತ್ ವ್ಯಾಪ್ತಿಯ ಕುಕ್ಕಾವು ಮತ್ತು ದಿಡುಪೆಯಲ್ಲಿ ಶ್ರಮದಾನವು ನಡೆಯಿತು. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ| ಸ್ವಾ ಬಿನೋಯಿ ಎ.ಜೆ ಹಾಗೂ ಸಿಬ್ಬಂದಿಗಳು, ತೋಟತ್ತಾಡಿ ಚರ್ಚ್‌ನ ಸಹಾಯಕ ಧರ್ಮಗುರುಗಳಾದ ವಂ| ಫಾ| ಬಿಜು ಅಂಬಾಟ್, ಫ್ಯಾಮಿಲಿ ಅಪಸ್ತೋಲೇಟ್‌ನ ನಿರ್ದೇಶಕರಾದ ವಂ|ಫಾ|ಶಿಬಿ ಪುದಿಯೆರ, ಸ್ವಾ ಪೀಟರ್ ಪದರಂಜಿರ ಹಾಗೂ ಕಾಲೇಜಿನ ಉಪಾನ್ಯಾಸಕರು ಶ್ರಮದಾನದಲ್ಲಿ ಭಾಗವಹಿಸಿದರು. ದಿಡುಪೆ ಮತ್ತು ಕುಕ್ಕಾವಿನಲ್ಲಿ 3 ಕಡೆಗಳಲ್ಲಿ ಶ್ರಮದಾನ ಮಾಡಲಾಯಿತು. ಒಟ್ಟು 169 ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದಾರೆ

**Fr. Varkey Malikayil**
Director, DKRDS

# ഫാമിലി അപ്പസ്തോലേറ്റ്

**1. ഏകദിന കൺവെൻഷൻ :**

2019 ഒക്ടോബർ 19 -ാം തിയതി രാവിലെ 9.30 മുതൽ 2.30 വരെ കത്തീഡ്രൽ ദേവാലയത്തിൽ വച്ച് ഏകദിന കൺവെൻഷൻ നടത്തപ്പെട്ടു. ബഹു. ഫാ. തോമസ് പുതിയറ വി. ബലിയർപ്പിച്ചു, ആരാധനക്ക് നേതൃത്വം നൽകി. തുടർന്ന് ബഹു. ഫാ. ലോറൻസ് പൂണോലിൽ ക്ലാസ്സ് നയിച്ചു.

**2. കൗൺസിലിംഗ് :**

2019 ഒക്ടോബർ 19 -ാം തിയതി നടന്ന ഏകദിന കൺവെൻഷനിൽ പേരു രജിസ്റ്റർ ചെയ്ത 13 പേർക്ക് മി. ജോയി (മദർ ഹോം)കൗൺസിലിംഗ് നൽകി.

**3. വിവാഹ ഒരുക്ക സെമിനാർ :**

2019 ഒക്ടോബർ 17 -ാം തീയതി മുതൽ 20 -ാം തീയതി വരെ ജ്ഞാനനിലയത്തിൽ വച്ച് വിവാഹ ഒരുക്ക സെമിനാർ നടത്തപ്പെട്ടു. 56 പേർ ഇതിൽ പങ്കെടുത്തു.

**4. കൺവെൻഷൻ :**

2019 നവംബർ 16 -ാം തിയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ കത്തീഡ്രൽ ദേവാലയത്തിൽ വച്ച് ഏകദിന കൺവെൻഷൻ നടത്തപ്പെടുന്നു.

**5. ഹോം മിഷൻ :**

2019 നവംബർ 20, 21, 22, 23, തീയതികളിൽ പദാവ് ഇടവകയിൽ വച്ച് ഹോം മിഷൻ നടത്തപ്പെടുന്നു.

**6. ബിരുദ ദാനം :**

2019 സെപ്റ്റംബർ 7 -ാം തീയതി തലശ്ശേരി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തപ്പെട്ട ബി.റ്റി. എച്ച്. ബിരുദ ദാന ചടങ്ങിൽ ബെൽത്തംഗടി രൂപതയിൽനിന്നും കെനഡി ചക്കാംകുന്നേൽ വേണൂർ, സി. ബെന്നറ്റ് എം.എസ്.എം.ഐ (ബെൽത്തംഗടി ) എന്നിവർ പങ്കെടുത്തു. വിജയകരമായി പഠനം പൂർത്തിയാക്കി സർട്ടിഫിക്കേറ്റ് കരസ്ഥമാക്കിയ ഇവർക്ക് പ്രത്യേക അഭിനന്ദനങ്ങൾ.



**7. ബിബ്ലിയാ സംഗമം :**

2018-19 ൽ സുഭാഷിതങ്ങളുടെ പുസ്തകം പകർത്തി എഴുതിയവരുടെ സംഗമം ഫൊറോനാതലത്തിൽ താഴെ പറയുന്ന തീയതികളിലായിരിക്കും നടത്തപ്പെടുക. സുഭാഷിതങ്ങളുടെ പുസ്തകം പകർത്തി എഴുതിയ എല്ലാവരും ഈ സംഗമത്തിൽ പങ്കെടുക്കുക, പകർത്തി എഴുതിയ കോപ്പികൾ അന്നേ ദിന ം നൽകുന്നതാണ്.

**2019 നവംബർ 7 - തോട്ടത്താടി ഫൊറോന - തോട്ടത്താടി**

**2019 നവംബർ 8 - ബെൽത്തംഗഡി, ധർമ്മസ്ഥല, മംഗളൂറു ഫൊറോന - ജ്ഞാനനിലയ**

**2019 നവംബർ 9 - കുട്ട്രുപ്പാടി, ഉദന ഫൊറോന - നെല്യാടി**

**2019 നവംബർ 11 - ജഡ്ക്കൽ ഫൊറോന - മുദൂർ**

# യൂത്ത് അപ്പസ്തോലേറ്റ്

**1. കുരിശു യാത്ര സമാപനം :**

2019 ഒക്ടോബർ 8-ാം തീയതി സി.വി.സി ഹാളിൽ വച്ച് യൂത്ത് കൺവെൻഷനും കുരിശു യാത്രയുടെ സമാപനവും നടത്തപ്പെട്ടു. 350 യുവജനങ്ങൾ പങ്കെടുത്തു.

**2. കുരിശു യാത്ര :**

കുരിശു യാത്രയുടെ സമാപന റാലി ബെൽത്തംഗഡി അംബേഡ്ക്കർ ഭവനിൽ നിന്നും രാവിലെ 9.30 ന് ആരംഭിച്ചു. ബഹു. ഫാ. അബ്രാഹം പട്ടേരിൽ റാലി ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. തുടർന്ന് ബൈക്കിന്റെയും മറ്റു വാഹനങ്ങളുടെയും അകമ്പടിയോടുകൂടി റാലി സി.വി.സി ഹാളിൽ എത്തിചേർന്നു.

**3. അബ്ലെയ്സ് 2 കെ 19 :**

സി.വി.സി ഹാളിൽ വച്ചു നടന്ന അബ്ലെയ്സ് 2 കെ 19 പ്രോഗ്രാമിലേക്ക് എല്ലാവരെയും യൂത്ത് പ്രസിഡന്റ് മി. പ്രമോദ് നടുവത്തെട്ട് സ്വാഗതം ചെയ്തു. ഈ യുവജന കൺവെൻഷന്റെ ഉദ്ഘാടനം ബഹു. കെ. മത്തായി കെ എ എസ് നിർവ്വഹിച്ചു. ബഹു. മോൺ. ജോസ് വലിയപറമ്പിൽ, ബെൽത്തംഗഡി എസ്.ഐ. സന്ദേശ്, എന്നിവർ ആശംസകളർപ്പിച്ചു.

**4. ക്ലാസ്സ് :**

പ്രശസ്ത സിനിമാ നടനും, പരസ്യ നിർമ്മിതാവും വചനപ്രഘോഷകനുമായ ബഹു. സിജോയിവർഗ്ഗീസ്, തിരുസഭയോടും, മാതാപിതാ

ക്കളോടും നാം എങ്ങനെ കടപ്പെട്ടിരിക്കുന്നുവെന്നും, പ്രാർത്ഥനാ ജീവിതം, തന്നെ എങ്ങനെ മുമ്പോട്ടു നയിക്കുന്നുവെന്നുമുള്ള അനുഭവം യുവജനങ്ങളോട് പങ്കുവക്കുകയും, യുവജനങ്ങളുടെ സംശയങ്ങൾക്ക് ഉത്തരം നൽകുകയും ചെയ്തു. തുടർന്ന് 2019 ഫെബ്രുവരിയിൽ നടന്ന കൺവെൻഷൻ-കപ്പ് ത്രോബോൾ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ബെൾത്തംഗഡി രൂപതയിലെ യുവതികൾക്ക് സമ്മാനം നൽകി.

ഉച്ചകഴിഞ്ഞ് മി. സണ്ണി തയ്യിൽ (ഇടുക്കി) ക്ലാസ്സു നയിച്ചു. ഗാനങ്ങൾക്ക് നേതൃത്വം നൽകിയത് മി. ജോൺപോൾ (തൃശ്ശൂർ) ആണ്. തുടർന്ന് കുരിശിന്റെ പ്രാർത്ഥനയും ആശീർവ്വാദവും കുരിശുചുംബനവും നടത്തപ്പെട്ടു.

**5. ഇഗ്നൈറ്റ് 2 കെ 19:**

2019 ഒക്ടോബർ 12-13 തീയതികളിൽ കുട്ട്രുപ്പാടി ഫൊറോനാ യുവജനങ്ങൾക്കായി ഇഗ്നൈറ്റ് 2 കെ 19 എന്ന പേരിൽ 2 ദിവസത്തെ യുവജന ധ്യാനം കുട്ട്രുപ്പാടിയിൽ വച്ചു നടത്തപ്പെട്ടു. 110 പേർ ഇതിൽ പങ്കെടുത്തു. ബഹു. മോൺ. ജോസ് വലിയപറമ്പിൽ ഉദ്ഘാടനം ചെയ്തു. മി. സിജോ അമ്പാട്ട്, ബഹു. ഫാ. റോയി ഒ.എഫ്.എം.ക്യാപ്പ്, ബഹു. ഫാ. ഷിബു ഒ. എഫ്.എം.ക്യാപ്പ്, എന്നിവർ ക്ലാസ്സ് നയിച്ചു. ബഹു. ഫാ. തോമസ് പുതിയറ ദിവ്യബലിയർപ്പിച്ചു. കുമ്പസാരവും, ആരാധനയും ഉണ്ടായിരുന്നു. സമാപനത്തിൽ പുത്തൂർ ബിഷപ്പ് ഗീവർഗ്ഗീസ് മാർ മക്കാരിയോസ് ആശംസകളർപ്പിച്ചു. എസ്.എം.വൈ.എം. ദിനാചരണവും റാലിയും നടത്തപ്പെട്ടു.

**6. അവെയ്ക്ക് 2കെ 19:**

2019 ഒക്ടോബർ 13 -ാം തീയതി നെല്യാടി ഇടവകയിൽ വച്ച് അവെയ്ക്ക് 2കെ 19 എന്ന പേരിൽ 1 ഡേ പ്രോഗ്രാം നടത്തപ്പെട്ടു. 70 പേർ പങ്കെടുത്തു. ക്രിസ്തു ജീവിക്കുന്നു എന്ന അപ്പസ്തോലിക പ്രബോധനത്തെ ആസ്പദമാക്കി ബഹു. ഫാ. തോമസ് പുതിയറ ക്ലാസ്സ് നയിച്ചു.

ഉച്ച കഴിഞ്ഞ് നടന്ന കൾച്ചറൽ ഫെസ്റ്റിന് ബ്ര. ജിൻസ് വലിയപറമ്പിൽ നേതൃത്വം നൽകി. യുവജനങ്ങൾ മതാദ്ധ്യാപകരെ ആദരിച്ചു.

**7. സ്റ്റേറ്റ് യൂത്ത് കൺവെൻഷൻ :**

2019 ഒക്ടോബർ 24 -ാം തീയതി മുതൽ 27 -ാം തീയതി വരെ ബള്ളാരിയിൽ വച്ചു നടന്ന സ്റ്റേറ്റ് യൂത്ത് കൺവെൻഷന് നമ്മുടെ രൂപ



തയിൽ നിന്നും ഡയറക്ടർ ബഹു. ഫാ. തോമസ് പുതിയറ, ആനിമേറ്റർ സി. ബെറ്റ്സി സി.എം.സി, സി. ഗ്രെയ്സിൻ എസ്.ഡി എന്നിവരും 30 യുവജനങ്ങളും പങ്കെടുത്തു. 26-ാം തീയതി രാവിലെ 7 മണിക്ക് അഭി. മാർ ലോറൻസ് മുക്കുഴി പിതാവ് യൂത്ത് കൺവെൻഷന് വി. കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകി. കന്നഡ ഭാഷയിൽ അർപ്പിച്ച ദിവ്യബലിയിൽ ഗാനങ്ങൾക്കു നേതൃത്വം നൽകിയത് ബഹു. ഫാ. തോമസ് പനച്ചിക്കൽ, ബഹു. ഫാ. ജോസഫ് മുക്കാട്ട് എന്നിവരുടെ നേതൃത്വത്തിലുള്ള ടീം ആയിരുന്നു.

# പിതൃവേദി + മാതൃവേദി

**തൂവാനീസ - നവംബർ 2019 - ഓർമ്മിക്കേണ്ട കാര്യങ്ങൾ :**

1. **ആഗോളസഭയോട് ചേർന്ന്** മാതൃവേദിയുടെയും പിതൃവേദിയുടെയും നേതൃത്വത്തിൽ ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുകയും സിമിത്തേരി വൃത്തിയാക്കുകയും ചെയ്യുന്നു.

**2. ഫൊറോനതല സംഗമം:**

മാതൃവേദി പിതൃവേദി സംയുക്തമായി കുടുംബ സൗഹൃദങ്ങൾ പങ്കിടുന്ന സംഗമവും ഫൊറോനാതല മത്സരങ്ങളും നടത്തപ്പെടുന്നു.

**3. അമലോത്ഭവ തിരുനാൾ ഒരുക്കം:**

വ്യക്തികളുടെയും കുടുംബത്തിന്റെയും ലോകം മുഴുവന്റെയും വിശുദ്ധീകരണത്തിനായി പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചുകൊണ്ട് 33 ദിവസം (നവംബർ 6 മുതൽ ഡിസംബർ 8 വരെ ) ഭവനങ്ങളിൽ അമലോത്ഭവ മാതാവിന്റെ തിരുസ്വരൂപം അലങ്കരിച്ച് പ്രാർത്ഥിക്കുക. (പ്രാർത്ഥന രൂപതാ കുടുംബ പ്രേഷിതകേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്.)

**4. ബൈബിൾ രചന:**

ജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന 500 വചനങ്ങൾ പകർത്തി എഴുതുന്ന മത്സരം നവംബർ 10-ാം തീയതി മുതൽ 2020 ഫെബ്രുവരി 15 -ാം തീയതി വരെ. ഫെബ്രുവരി 15 നു മുമ്പായി രൂപതാ കുടുംബ പ്രേഷിതകേന്ദ്രത്തിൽ ഏൽപ്പിക്കുക. (500 തിരുവചന

ങ്ങൾ അദ്ധ്യായവും വാക്യവും രൂപതാ കുടുംബ പ്രേഷിതകേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്.)

**5. ബിബ്ലിയാ 2019–20 ബൈബിൾ രചനാ മത്സരം 500 തിരുവചനങ്ങൾ പകർത്തിയെഴുതുക.**

മത്സരത്തേക്കാളുപരി തിരുവചനം വായിക്കാനും, എഴുതാനും, പഠിക്കാനും, അനുഭവിക്കാനും, പ്രഘോഷിക്കാനുമുള്ള ഒരു സുവർണ്ണ അവസരം

നിബന്ധനകൾ

1. തന്നിരിക്കുന്ന 500 തിരുവചനങ്ങൾ ബൈബിളിൽ നിന്നു പകർതിയെഴുതുക.
2. $A^4$ സൈസിലുള്ള വരയിട്ടതോ വരയിടാത്തതോ ആയ നോട്ട് ബുക്കുകൾ, പേപ്പർ, എന്നിവ ഉപയോഗിക്കുക. ഇരുവശങ്ങളിലും എഴുതാവുന്നതാണ്. ഒന്നിൽ കൂടുതൽ ബുക്കുകൾ ഉണ്ടെങ്കിൽ ഒരുമിച്ചു ബൈൻഡ് ചെയ്യുക. ഏതു മഷിയും ഉപയോഗിക്കാവുന്നതാണ്
3. വ്യക്തിഗതമായോ കുടുംബാംഗങ്ങൾ ചേർന്നോ എഴുതാവുന്നതാണ്. പേരുകൾ പകർപ്പിൽ രേഖപ്പെടുത്തുക.
4. ഇംഗ്ലീഷ്, കന്നഡ, മലയാളം എന്നീ ഭാഷകളിൽ എഴുതാവുന്നതാണ്. ഒരു പകർപ്പിൽ മേൽപറഞ്ഞ എല്ലാ ഭാഷകളും ഉപയോഗിക്കാവുന്നതാണ്.
